4.OCT.1948

# വിഷയവിവരം.


മലയാള ഭാഷയും ശാസ്ത്രീയ സംജ്ഞകളും

മേഘം

— ജി. ശങ്കരക്കുറുപ്പ്

എഴുന്നള്ളത്തു കാത്തു്

— ചങ്ങമ്പുഴ.

ആധുനികപദ്യസാഹിത്യം

— വിദ്വാൻ ഗോവിന്ദൻകുട്ടി നായർ.

'സയൻസി'ലെ 'മറിച്ചടി'

— പ്രൊഫസർ ജെ. മുണ്ടശ്ശേരി എം. എ.

സീത — ഒരു സ്വഭാവാദ്ധ്യയനം

— പി. എസ്സ്. അനന്തനാരായണ ശാസ്ത്രി.

പ്രതിധ്വനി

വിശ്വസാഹിത്യം — എന്താണു കവിത?

4 OCT 1936 MADRAS

# കൈരളി

പുസ്തകം ൨൧ | ൧൧൧൨ ചിങ്ങം | ലക്കം ൫.

## മലയാളഭാഷയും ശാസ്ത്രീയസംജ്ഞകളും.

തമിഴിന്റെ അഭിവൃദ്ധിയിലും വികാസത്തിലും ബദ്ധശ്രദ്ധന്മാരായ അനേകം ദേശാഭിമാനികളും ഭാഷാഭിമാനികളും ഈയിടെ മദിരാശിയിൽ വച്ച് ശാസ്ത്രീയസംജ്ഞാനിർമ്മാണംകൊണ്ട് നവീനജ്ഞാനം പ്രകാശിപ്പിക്കുവാനുള്ള ശക്തി അവരുടെ മാതൃഭാഷയ്ക്കുണ്ടാക്കുവാനുള്ള ഉപായങ്ങളെപ്പററി ഉണൎന്നു ചിന്തിക്കുന്നതിന് ഒരു സമ്മേളനം നടത്തുകയും ചില ഉപസമിതികൾ ഏൎപ്പെടുത്തുകയും ചെയ്തിരിക്കുന്നു. സർ. സി. പി. രാമസ്വാമി അയ്യരവർകൾ സമ്മേളനം ഉൽഘാടനം ചെയ്ത സന്ദൎഭത്തിൽ വംഗഭാഷയ്ക്കും ഗുജറാത്തിയ്ക്കും തെലുങ്കിനും ഭാഷാപ്രണയികളുടെ നിരന്തരപരിശ്രമത്താൽ സംജാതമായിട്ടുള്ള പുരോഗതിയെ അഭിനന്ദിക്കയും, തമിഴിന്റെ 'മന്ദയാന'ത്തെ അനുസ്മരിക്കുകയും ചെയ്തതു വായിച്ചിരിക്കാവുന്ന കേരളീയർ മലയാളത്തിന്റെ 'അതിമന്ദമായ അലസഗമന'ത്തെക്കുറിച്ചു ചിന്തിച്ചിരിക്കുവാൻ ഇടയുണ്ട്. അഭ്യസ്തവിദ്യന്മാരായ യുവാക്കന്മാർ കേരളത്തിൽ ഇല്ലായ്കയില്ല. പാശ്ചാത്യസംസ്കാരമെന്ന മഹാദ്രുമത്തിൽനിന്നു സൃഷ്ടിച്ചിട്ടുള്ള 'ഒട്ടുചെടി'കളാകയാൽ ദേശഭാഷാബന്ധം അവൎക്കില്ലെന്നുവരുമെന്നും തോന്നുന്നില്ല. ദുൎവ്വിനിയോഗം ചെയ്യുന്ന ജീവിതശക്തികളെ അവരിൽ ചിലരെങ്കിലും യോജിച്ച് ഭാഷാപരിഷേവണം എന്ന മഹായജ്ഞത്തിൽ ബലികഴിച്ചിരുന്നെങ്കിൽ!

*      *      *      *      *

രാഷ്ട്രപുനസ്സംഘടനവും സംസ്കാരപ്രതിഷ്ഠാപനവും സാദ്ധ്യമാകണമെങ്കിൽ ദേശഭാഷയെ ഉന്നമിപ്പിക്കയും വികസിപ്പിക്കയും ചെയ്യണമെന്നും, ദേശത്തെപ്പോലെ ഭാഷയേയും ആരാധിക്കയും സ്നേഹിക്കയും ചെയ്യണമെന്നും യൂറോപ്പിലെ സംസ്കാരസമ്പന്നനായ സർവ്വാധിപതി 'കമാൽ' വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും പ്രകാശിപ്പിച്ചിട്ടുള്ളതു് ഈ സന്ദർഭത്തിൽ സ്മരണീയമാകുന്നു. സ്വരാജ്യത്തേയും സ്വഭാഷയേയും പരിഷ്കരിക്കുന്നതിനും സംസ്കരിക്കുന്നതിനും ജാഗരൂകനായ അദ്ദേഹത്തെ അനുകരണപ്രിയന്മാരായ നമ്മുടെ യുവാക്കൾ മാതൃകയാക്കി സ്വീകരിക്കുന്ന പക്ഷം പത്തോ പതിനഞ്ചോ സംവത്സരംകൊണ്ടു് മലയാളഭാഷയ്ക്കു് അന്യഭാരതഭാഷകളോടു് ഒപ്പം നിൽക്കുവാൻ അല്ല, അവയെ അതിശയിക്കുവാൻതന്നെ കഴിയും. കൃശയാണെങ്കിലും സൗന്ദര്യവും ജീവനും സംസ്കാരവും ഉള്ള ഒരു സോദരിയായിട്ടു മററു ഭാഷകൾ അന്നു കൈരളിയെ ശ്ലാഘിക്കും. മാതൃഭാഷയിൽ സംസാരിക്കുക; മാതൃഭാഷയിൽ എഴുതുക; മാതൃഭാഷാസാഹിത്യത്തെ സാഭിമാനം സ്നേഹിക്കുക—കേരളീയ യുവാക്കന്മാർ ഈ വ്രതത്രയം അംഗീകരിക്കേണ്ടതാണു്. ആംഗലീകൃതവേഷത്തിലും ആംഗലീകൃതജീവിതത്തിലും അതു സാധിക്കാതിരിക്കത്തക്കവണ്ണം എല്ലാവരും ആണ്ടുപോയിട്ടുണ്ടാവില്ലെന്നാണു ഞങ്ങളുടെ വിശ്വാസം.

* * * *

നവീന ശാസ്ത്രവിജ്ഞാനം നമ്മുടെ ഭാഷയിൽ പ്രസരിപ്പിക്കുന്നതു് അതിന്റെ ആരോഗ്യത്തിനും പുഷ്ടിക്കും അത്യാവശ്യമാകുന്നു; മാത്രമല്ല, 'വൈദേശിക ജിഹ്വ'യിൽക്കൂടി അതു ഗ്രഹിക്കുന്നതിനു ജീവിതഭാഗവും മനശ്ശക്തിയും അധികം വ്യയം ചെയ്യാൻ നിർബ്ബദ്ധരായിരിക്കുന്ന ബാലികാബാലകന്മാരെ സഹായിക്കുന്നതിനും അതു് കൂടിയേ കഴിയൂ. വിദ്യാഭ്യാസഫലമായ സംസ്കാരം സമുദായത്തിന്റെ രക്തത്തിനു നിറവും ശക്തിയും കൂട്ടും ഉണ്ടാക്കണമെന്നുണ്ടെങ്കിലും ദേശഭാഷ അദ്ധ്യയനകൃത്യത്തിൽ അഗ്രിമസ്ഥാനം വഹിക്കാനുള്ള നില സമ്പാദിക്കണം. 'ദശമകക്ഷ്യ'വരെയെങ്കിലും സർവ്വവിഷയങ്ങളും കേരളഭാഷാമുഖമായി പഠിപ്പിക്കുവാൻ സാധിക്കുന്നതിനു നാലഞ്ചുകൊല്ലത്തെ നിരന്തരവും ബുദ്ധിപൂർവ്വവും ഏകാഗ്രവുമായ പരിശ്രമമേ വേണ്ടിവരികയുള്ളൂ. നിയമനിർമ്മാണസഭാംഗങ്ങളുടേയും ഇതരരാഷ്ട്രനേതാക്കന്മാരുടേയും കണ്ണുകളെ ഈ വഴിക്കുകൂടി ഒന്നാകർഷിക്കേണ്ടതാണു്.

* * * *

ശാസ്ത്രീയസംജ്ഞകളുടെ ദൌർലഭ്യമാണു പ്രഥമവും പ്രധാനവുമായ പ്രതിബന്ധം. ഈ ന്യൂനത പരിഹരിക്കുന്നതിന് ഭാഷാഭിമാനികളായ അധ്യാപകന്മാരുടേയും വൈദ്യകലാവിശാരദന്മാരുടേയും സാഹിത്യകാരന്മാരുടേയും പണ്ഡിതന്മാരുടേയും സഹായവും സഹകരണവുമാണ് ആവശ്യം. സൎക്കാരിന്റെ ആഭിമുഖ്യംകൂടി നേടുവാൻ കഴിഞ്ഞാൽ അനുഗ്രഹമായി. ഓരോ ശാസ്ത്രവിഭാഗങ്ങളിലും വിദഗ്ദ്ധന്മാരായ ആളുകളേയും അവരെ സഹായിക്കുവാൻ സന്നദ്ധതയും ശക്തിയുമുള്ള ഭാഷാകുശലന്മാരേയും അംഗങ്ങളാക്കിച്ചേൎത്ത് ഓരോ സംഘങ്ങളെ സംഘടിപ്പിക്കുവാൻ ശ്രമിച്ചാൽ ആ പ്രവൃത്തി വന്ധ്യയാവുകയില്ല. 'സാഹിത്യ പരിഷത്ത്' 'ഭാഷാപരിഷ്കരണസമിതി' 'യുവജന സാഹിത്യ സമിതി' 'കലാശാലകളിലെ ഭാഷാവകുപ്പുകൾ' 'അദ്ധ്യാപകസമാജങ്ങൾ' ഈ സ്ഥാപനങ്ങളൊക്കെ യോജിച്ച് ഏതദ്വിഷയകമായ പ്രയത്നം അചിരേണ ആരംഭിക്കുമോ?

* * * *

ശാസ്ത്രസംജ്ഞകളെ അൎത്ഥസാദൃശ്യം, ശബ്ദസാദൃശ്യം ഈ രണ്ടുപാധികളവലംബിച്ച് സൃഷ്ടിക്കാവുന്നതാണ്. സമാനാൎത്ഥകങ്ങളായ സംസ്കൃതഭാഷാപദങ്ങളോ, കേരളഭാഷാപദങ്ങളോ അന്യഭാരതീയഭാഷാപദങ്ങളോ സ്വീകരിക്കുന്നത് ഒന്നാമത്തെ വിഭാഗത്തിൽ പെടുന്നു. ആംഗലഭാഷാശബ്ദങ്ങളെ തത്ഭവരൂപമാക്കി സ്വീകരിക്കുന്നതാണു രണ്ടാമത്തെ ഇനത്തിൽ പെടുന്നത്. ഏതായാലും പദങ്ങൾക്കു ഒതുക്കവും അവയിൽനിന്നു അന്യരൂപങ്ങൾ നിൎമ്മിക്കുവാൻ സൌകൎയ്യവും ഉണ്ടായിരിക്കണം. സംസ്കൃതഭാഷയിലെ ശാസ്ത്രഗ്രന്ഥങ്ങൾ ഈ യത്നത്തിൽ അത്യന്തം ഉപകരിക്കാതിരിക്കയില്ല. ഭാഷയ്ക്കു നല്ല കാലം വരുമെന്നു് ആശിക്കുക!

---

# മേഘം.

— ജി. ശങ്കരക്കുറുപ്പ്.

൧. മരതകമേചക മേഘം
മഞ്ജുളമാകാശസീമ്നി വിലസുന്നു.
കർഷകനേത്രങ്ങൾക്കതു
ഹർഷദമാകും സുധാകുംഭം.

൨. മിന്നൽക്കൊടികളിളക്കി-
ക്കന്നൽക്കാർനികരമെത്തുന്നു,
സന്നദ്ധ വർഷകാലം
തന്നവജയമാർത്തുകൊണ്ടാടാൻ.

൩. മുകിലുകളുയരും നേരം
മുദിതമയൂരം തുടങ്ങിടും നടനം
അന്യന്നുയർച്ച കണ്ടാ-
ലാനന്ദിക്കാൻ മറന്നതില്ലുലകം.

# ഏഴനാള്ളത്തു കാത്തു് —

— ചങ്ങമ്പുഴ.

ഒട്ടധികം നിശീഥമദ്ധ്യങ്ങളിൽ
മൽ കവാടത്തിൽ മുട്ടി വിളിച്ചു നീ;

കഷ്ട,മെങ്കിലും, കേട്ടില്ലതൊന്നുമേ
സ്വപ്നവും കണ്ടുറങ്ങിക്കിടന്ന ഞാൻ—

ഞാനുറക്കമിളച്ചിരുന്നിട്ടു, മെൻ
പ്രാണനാഥ, വരാത്തതിന്നെന്തു നീ?...

# ആധുനിക പദ്യസാഹിത്യം.

— വിദ്വാൻ, ഗോവിന്ദൻകുട്ടിനായർ.

## I

ഭാഷാപദ്യസാഹിത്യം ഇന്നു സുശോഭനമായ ഒരു ഭാവിയെ അഭിമുഖീകരിച്ചു്, തുലോം വിസ്തൃതമായ ഒരു പന്ഥാവിലെത്തിച്ചേൎന്നിരിക്കയാണു്. കവിതാവ്യവസായികൾ ഇതരസാഹിത്യങ്ങളുടെ മെച്ചവും മേന്മയും ഉറററിഞ്ഞു്, അവയെ അപേക്ഷിച്ചു് സ്വകീയ സാഹിത്യത്തിന്റെ കോട്ടങ്ങളും കുറവുകളും കണ്ടെത്തി അവയുടെ പരിഹാരത്തിന്നുള്ള മാൎഗ്ഗം ആരാഞ്ഞു തുടങ്ങിയിരിക്കുന്നു. ഏകദേശം രണ്ടു ദശാബ്ദം മുമ്പു് കൈരളിയുടെ ഹൃദയത്തിലുണ്ടായ അവിചാരിതമായ ആ ചലനവിശേഷം, അഥവാ ഗതാനുഗതികത്വത്തിൽ നിന്നുള്ള എടുത്തുചാട്ടം, ഇന്നു കവിതാശരീരത്തിൽ ആകമാനം വ്യാപിച്ചു് അതിന്നു് എന്നെന്നില്ലാത്ത ഒരു ഓജസ്സും ഉന്മേഷവും ഉളവാക്കിട്ടുണ്ടു്. അതോടുകൂടി നമ്മുടെ കാവ്യസാഹിത്യം, അതിന്റെ പുരോഗതിയിൽ രണ്ടാമത്തെ സോപാനത്തിലെത്തിച്ചേൎന്നിരിക്കുന്നു. ഈ നിലയിൽ അടുത്ത ഭാവിയിൽത്തന്നെ അതിന്നു് ഇന്ത്യയിലെ സചേതനമായ മററു സാഹിത്യത്തോടും കിടപിടിക്കത്തക്ക സൗന്ദൎയ്യവും വിസ്തൃതിയും കൈവരുമെന്നു ദീൎഘദൎശനം ചെയ്വാൻ പ്രയാസമില്ല.

അഭിനവമായ ഈ ഉൽബുദ്ധതയെപ്പററി എന്തെങ്കിലും പ്രസ്താവിക്കുന്നതിന്നുമുമ്പു്, അതിന്നു മുമ്പുണ്ടായിരുന്ന സ്ഥിതിഗതികളെക്കുറിച്ചു സാമാന്യമായൊന്നു നിരൂപണം ചെയ്യുന്നതു് അസ്ഥാനത്താകയില്ലെന്നു കരുതുന്നു. പരിവൎത്തനമെന്നതു പ്രാപഞ്ചികവ്യാപാരങ്ങളുടെ മാത്രമല്ല, പ്രപഞ്ചത്തിന്റെ തന്നെയും സനാതനമായ ഒരു നിയമമാണു്. പലതരം പരിവൎത്തനങ്ങൾക്കും വിധേയമായി അവയുടെ പരിണാമഫലമായിട്ടാണു് വസ്തുസ്ഥിതികൾ നാം ഇന്നു കാണുന്ന നിലയിലെത്തിച്ചേൎന്നിട്ടുള്ളതു്. ഭാഷാപദ്യസാഹിത്യത്തിൽത്തന്നെ പ്രാചീനകാലത്തു്, ഒരു പരിമിതമായ പരിധിക്കുള്ളിൽ വെച്ചാണെങ്കിലും പ്രക്ഷോഭകരങ്ങളായ പല പരിവൎത്തനങ്ങളും നടന്നിട്ടുണ്ടു്. തോലൻ, തുഞ്ചൻ തുടങ്ങിയ സൎവ്വതന്ത്രസ്വതന്ത്രന്മാരായ കവികൾ അത്തരം പരിവൎത്തകന്മാരിൽ ചിലർ മാത്രമാണു്. അനുയായികളുടെ അനുഭാവംകൊണ്ടും സംസ്കൃതേ

തരസാഹിത്യങ്ങളുമായുള്ള പരിചയക്കുറവുംകൊണ്ടുമാണ് ഉൽപതിഷ്ണുക്കളായ അവരുടെ പരിവൎത്തനങ്ങളുടെ ഫലങ്ങൾ ഉദ്ദേശിച്ചപോലെ ചിരപ്രതിഷ്ഠിതങ്ങളാകാതിരുന്നതു്. കേവലം വിനോദത്തിന്നുവേണ്ടി എഴുതപ്പെട്ട തുള്ളൽപ്പാട്ടുകളിൽമാത്രം തന്റെ ഉൽപതിഷ്ണുത്വം പ്രകടിപ്പിച്ച പരിവൎത്തനപ്രിയനായ നമ്പ്യാരെ, അന്നത്തെ നിരൂപകന്മാർ സ്ഥാനത്തും അസ്ഥാനത്തും നിശിതശരങ്ങളെക്കൊണ്ടു വ്യാകുലഹൃദയനാക്കിയിരുന്നുവെന്നുള്ളതിലേയ്ക്കു തുള്ളലുകളിൽതന്നെ ആന്തരമായ ലക്ഷ്യങ്ങളുണ്ടു്. ഇങ്ങനെ ഗതാനുഗതികത്വത്തിന്നുമുമ്പിൽ തല കുനിക്കേണ്ടിവന്നതുകൊണ്ടു കൈരളിക്കുണ്ടായിട്ടുള്ള നഷ്ടം കുറച്ചൊന്നുമല്ല. സഹൃദയന്മാരുടെ സംസ്കൃതപക്ഷപാതിത്വം, നിരൂപകന്മാരുടെ അലങ്കാരശാസ്ത്രപ്രതിപത്തി ഇവ രണ്ടുമാണ് അടുത്തകാലംവരെയ്ക്കും ഭാഷാപദ്യസാഹിത്യത്തെ ഞെക്കിഞെരുക്കിക്കൊണ്ടിരുന്നതു്. ഭാഷാപദ്യസാഹിത്യമൎമ്മജ്ഞനായ ലീലാതിലകകാരന്നുപോലും സംസ്കൃതത്തിൽ നിന്നകന്നുകൊണ്ടുള്ള ഒരു ഭാഷാപദ്യസാഹിത്യത്തെ അനുഭാവപൂൎവ്വം അഭിവീക്ഷിപ്പാൻ സന്മനസ്സുണ്ടായിരുന്നില്ല. സ്വതന്ത്രമായി വളൎന്നുവന്നിരുന്ന പാട്ടുകളെ പരിത്യജിച്ചു മണിപ്രവാളപ്രസ്ഥാനത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി പരിശ്രമിക്കയാണല്ലോ അദ്ദേഹം ചെയ്തതു്.

രണ്ടു ശതാബ്ദം മുമ്പുവരെയ്ക്കും പദ്യസാഹിത്യത്തിന്റെ സ്ഥിതി ഇതായിരുന്നു. ആലങ്കാരികന്മാരുടെ അഭിപ്രായങ്ങൾക്ക് അനുകൂലമല്ലാതിരുന്ന കാവ്യങ്ങളെ ആരും കാവ്യങ്ങളായിത്തന്നെ ഗണിച്ചിരുന്നില്ല. അലങ്കാരശാസ്ത്രഗ്രന്ഥങ്ങൾ ആവശ്യമില്ലെന്നോ സംസ്കൃതവും ഭാഷയുമായുള്ള ബന്ധം നിശ്ശേഷം വേർപെടുത്തണമെന്നോ അല്ല ഇത്രയും പറഞ്ഞതിന്റെ താല്പൎയ്യം. ആലങ്കാരികന്മാരുടെ അനുശാസനങ്ങളെ അനുപദം അനുകരിച്ചതുകൊണ്ടുമാത്രം ഒരാൾക്കു കവിയാവാൻ കഴികയില്ലെന്നും ശാസ്ത്രീയനിബന്ധനകൾ കവിയുടെ ഔചിത്യബോധത്തെയല്ലാതെ ഗതിയെ നിയന്ത്രിപ്പാൻ പാടില്ലെന്നുമാണ് വിവക്ഷിതം. കവിയിൽ നിലീനമായിക്കിടക്കുന്ന സൗന്ദൎയ്യബോധത്തെ ഉത്തേജിപ്പിച്ച് അതിന്റെ പ്രകാശനത്തിന്നു കഴിവുണ്ടാക്കിക്കഴിഞ്ഞാൽ, ശാസ്ത്രീയനിബന്ധനകളുടെ ആവശ്യം അവസാനിക്കുന്നു. വീണ്ടും ബലാൽക്കാരമായി വെച്ചുകെട്ടുന്ന ഭാരം അവരുടെ സൃഷ്ടിശക്തിയെ ക്ഷീണിപ്പിക്കയാണു ചെയ്യുന്നതു്.

ഭാഷാപദ്യസാഹിത്യത്തിൽ ഇടക്കാലത്തായി രണ്ടു പരിവൎത്തനങ്ങളുണ്ടായിട്ടുണ്ടെന്നു പറഞ്ഞുവല്ലോ. ശാസ്ത്രീയനിബന്ധനകളെ ലഘൂ

കരിച്ച്, എന്നാൽ അവയുടെ നിഴൽപ്പാട്ടിൽനിന്നു വ്യതിചലിക്കാതെ കണ്ടുള്ളതായിരുന്നു ആദ്യത്തെ പരിവർത്തനം. രണ്ടാമത്തേതാകട്ടെ ഒരു നിബന്ധനയ്ക്കും കീഴടങ്ങാതെ കേവലം നിരങ്കുശമായിട്ടുള്ള അഭിനവ പരിവർത്തനം. മഹാകാവ്യങ്ങളിൽനിന്ന് ഒട്ടും ചുരുങ്ങാത്ത ഒരു സ്ഥാനം ഖണ്ഡകാവ്യങ്ങൾക്കും കല്പിക്കുക; സംസ്കൃതവൃത്തങ്ങളെപ്പോലെതന്നെ ദ്രാവിഡവൃത്തങ്ങൾക്കും പ്രചാരം വരുത്തുക; സാങ്കേതികലോകത്തിൽനിന്നും സാഹിത്യത്തെ ജീവിതവുമായി കുറെക്കൂടി അടുപ്പിക്കുക; പ്രാക്തനങ്ങളായ പ്രയോഗശൈലികളേയും പദസമ്പത്തിനേയും അഭ്യുദ്ധരിച്ച സംസ്കൃതത്തിൻെറ നിഴലിൽ ഭാഷാപദ്യസാഹിത്യത്തിൻെറ വ്യക്തിത്വം തെളിയിച്ചുകൊണ്ടുവരിക; ഏറെക്കുറെ ഈ നാലു കാര്യമാണ് ആദ്യത്തെ പരിവർത്തനംകൊണ്ടു പ്രധാനമായി സാധിച്ചിട്ടുള്ളത്. കവിത്വവും പാണ്ഡിത്യവും മൂർത്തീകരിച്ച ഉള്ളൂർ, വള്ളത്തോൾ, ആശാൻ എന്നീ മൂന്നു മഹാകവികളുടെ നേതൃത്വത്തിൽ ആരംഭിച്ച ആ പരിവർത്തനത്തിന്നുപോലും അന്നു പ്രതികൂലികളുണ്ടായിരുന്നുവെന്ന വസ്തുത വിസ്മരിക്കത്തക്കതല്ല.

മഹാകാവ്യങ്ങൾ വർണ്ണ്യവസ്തുക്കളുടെ ആധിക്യംകൊണ്ടും നിബന്ധനകളുടെ കാർക്കശ്യംകൊണ്ടും ആദ്യംമുതൽ അവസാനംവരെ സുന്ദരതരമാക്കിക്കൊണ്ടുവരുവാൻ തികച്ചും വിഷമമായിട്ടാണിരിക്കുന്നത്. അനല്പമായ സഹനശീലവും അപരിമിതമായ ഭാവനാസമ്പത്തും അന്യാദൃശമായ പദസ്വാധീനവുമുള്ള അനുഗൃഹീതകവികൾക്കു മാത്രമേ ആ പ്രസ്ഥാനത്തിൽ വിജയം നേടാൻ കഴികയുള്ളു. അതിനാൽ കാവ്യകല സാമാന്യകവികളുടേതു കൂടിയാകണമെങ്കിൽ മഹാകാവ്യങ്ങളുടെ സ്ഥാനത്ത് ഖണ്ഡകാവ്യങ്ങൾക്ക്, അഥവാ ലഘുകാവ്യങ്ങൾക്ക്, പ്രചാരം സിദ്ധിക്കണം. ഒരു മഹാകവിക്കുപോലും തൻെറ കവിത്വം എളുപ്പത്തിൽ പ്രതിഫലിപ്പിപ്പാൻ സാധിക്കുന്നതു മഹാകാവ്യങ്ങളെ അപേക്ഷിച്ച ഖണ്ഡകാവ്യങ്ങളിലാണു താനും. ഈ നിലയിൽ അന്നത്തെ പരിവർത്തനത്തിൻെറ ഫലമായി ഉൽകൃഷ്ടങ്ങളായ പല ഖണ്ഡകാവ്യങ്ങളും ഭാഷയ്ക്കു സിദ്ധിച്ചതിൽ അതിശയിപ്പാനില്ലല്ലോ.

സംസ്കൃതവൃത്തങ്ങൾ കവികളുടെ രുചിഭേദത്തിന്നനുസരിച്ച തിരഞ്ഞെടുക്കത്തക്കവണ്ണം എണ്ണത്തിൽ എത്രതന്നെ ഉണ്ടെങ്കിലും അവയുടെ കൃത്രിമത മലയാളത്തിന്ന് അനുയോജ്യമല്ലാതെയാണിരിക്കുന്നത്. സംസ്കൃതത്തെ അപേക്ഷിച്ച പര്യായപദങ്ങളുടെ കാര്യത്തിലും മറ്റും

മിക്കവാറും ദരിദ്രയായ കൈരളിക്ക് സർവ്വഥാ യോജിച്ചതു് ഗാനപ്രധാനങ്ങളായ ദ്രാവിഡവൃത്തങ്ങൾതന്നെയാണ്. ദ്രാവിഡവൃത്തങ്ങളുടെ പ്രചുരപ്രചാരത്തോടുകൂടി, പാണ്ഡിത്യവിഷയത്തിൽ പിന്നിട്ടു നിന്നിരുന്നവരും പക്ഷേ യഥാൎത്ഥമായ കവിതാമുള്ളവരുമായ പല യുവകവികളും സാഹിത്യരംഗത്തിൽ പ്രവേശിച്ചുതുടങ്ങി. വൃത്തപരമായുണ്ടായ ഈ ഉൽബുദ്ധത, സങ്കുചിതമായിക്കിടന്നിരുന്ന സാഹിത്യകേദാരത്തിന്റെ അതിരുകളെ ഏതാണ്ടു വിസ്തൃതമാക്കുകയാണുണ്ടായതു്. അതിന്റെ ഫലമായി ഒരുകാലത്തു സംസ്കൃതാഭിജ്ഞന്മാരുടെ മാത്രം കേളിരംഗമായിരുന്ന പദ്യസാഹിത്യത്തിൽ സംസ്കൃതാനഭിജ്ഞന്മാൎക്കും പ്രവേശം സിദ്ധിച്ചു. ഇവരിൽ പലരും ഇംഗ്ലീഷുവിദ്യാഭ്യാസം സിദ്ധിച്ചു ആംഗലസാഹിത്യത്തിന്റെ രുചിയറിഞ്ഞവരായിരുന്നതുകൊണ്ടു് ആശയങ്ങളിലും പ്രതിപാദനരീതിയിലും ഒരു പുതുമയുളവാക്കാൻ കഴിഞ്ഞിരുന്നുവെന്നുള്ളതു പ്രസ്താവയോഗ്യമാണ്. കേക, കാകളി, മഞ്ജരി തുടങ്ങി സംഗീതസാന്ദ്രങ്ങളും ശിഥിലങ്ങളുമായ ഭാഷാവൃത്തങ്ങളിൽ നവംനവങ്ങളായ ആശയങ്ങൾ കോൎത്തു ഖണ്ഡകാവ്യങ്ങളായും കാവ്യശകലങ്ങളായും ഒട്ടേറെ മനോഹരകൃതികൾ ഇക്കാലത്തുണ്ടായിട്ടുണ്ടു്.

അതുവരെയും സാഹിത്യലോകം പാരമാൎത്ഥികലോകത്തിൽ നിന്നും തുലോം അകന്നാണു നിന്നിരുന്നതു്. പുതിയ പ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടുകൂടി കവികൾ സാങ്കല്പികലോകത്തിൽ നിന്നും ഇറങ്ങിവന്നു പരിതസ്ഥിതികളെ അഭിവീക്ഷിപ്പാൻ തുടങ്ങി. പരിതസ്ഥിതികളുടെ ഉൽകൃഷ്ടതാപകൃഷ്ടതകൾ കവിഹൃദയത്തിൽ ഒച്ചപ്പാടുണ്ടാക്കുകയും തൽഫലമായി സാമുദായികവും രാഷ്ട്രീയവുമായ അവശതകളെ പരിഹരിപ്പാൻ പ്രയോജനപ്പെടുമാറു പല പല നല്ല കാവ്യങ്ങളും പുറപ്പെട്ടു തുടങ്ങുകയും ചെയ്തു. എന്നാൽ വാസ്തവത്തിൽ അക്കാലത്തു മാത്രമാണ് നമ്മുടെ പദ്യസാഹിത്യം, കേരളത്തിന്റെയും കൈരളിയുടേയും ആണെന്നഭിമാനിക്കത്തക്ക വിധം ഭാവമധുരമായ താരുണ്യത്തിലേയ്ക്കു കാലെടുത്തുവെപ്പാൻ തുടങ്ങിയതു്. കേരളത്തിലെ സാമാന്യജനങ്ങളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും പ്രതിബിംബിച്ചു സാഹിത്യം സമുദായത്തിന്റെ പ്രതിച്ഛായയായാണെന്നു വന്നുകൂടി. കവിതയും ജീവിതവുമായുള്ള ബന്ധം പൂൎവ്വാധികം വെളിപ്പെട്ടു തുടങ്ങി.

ഭാഷാപദ്യസാഹിത്യത്തിലെ ആദ്യത്തെ പരിവൎത്തനത്തിന്റെ ഫലങ്ങൾ ചുരുക്കത്തിൽ മേൽക്കാണിച്ചവയാണ്. രസം, രീതി, പാകം തുടങ്ങിയവയിൽ പറയത്തക്ക വ്യതിയാനങ്ങളൊന്നുമുണ്ടായിട്ടില്ല.

ശ്ലേഷം, യമകം, അസ്വാഭാവികമായ അതിശയോക്തി തുടങ്ങിയവയെ
നിശ്ശേഷം പരിത്യജിച്ചതോടുകൂടി ആലങ്കാരികമായ ഉൽപതിഷ്ണുത്വം
അവസാനിച്ചു. 'വാക്യം രസാത്മകം കാവ്യം' എന്ന ഭാരതീയ നിർവ്വ
നത്തിന്നും 'ജീവിതനിദർശനമാണു കവിത' എന്ന പാശ്ചാത്യനിർവ്വചന
ത്തിന്നും ഉടവുതട്ടാത്തവിധമാണ് അന്നു കവികൾ കവിതാവ്യവസായം
ചെയ്തിരുന്നതു്. ശബ്ദാർത്ഥങ്ങളെ ഏകദേശം ഒരേ മനോഭാവത്തോടു
കൂടിത്തന്നെ താലോലിച്ചിരുന്നു. കവിതയ്ക്കു് അതിന്റെ ആഹ്ലാദാത്മക
ത്വത്തിൽനിന്നും കവിഞ്ഞു് അനുവാചകന്മാരിൽ ധാർമ്മികമായ ഒരാ
ജ്ഞാശക്തി ചെലുത്താൻകൂടി കഴിഞ്ഞിരുന്നതുകൊണ്ടു കാവ്യകലയുടെ
പ്രയോജനഭാഗമാണു സുന്ദരഭാഗത്തെക്കാൾ മുഴച്ചുനിന്നിരുന്നതു്.
ചുരുക്കിപ്പറഞ്ഞാൽ, ആദ്യപരിവർത്തനകാലത്തെ കവിത വായിച്ചാൽ
അർത്ഥം മനസ്സിലാക്കാവുന്നതും ഹൃദയത്തെ സ്വാരമായി സ്പൃശിച്ചു ഒരു
ധാർമ്മികബോധത്തെ ഉത്തേജിപ്പിക്കുന്നതുമായിരുന്നു. ഈ സംഗതി
കളെ മനസ്സിൽവെച്ചുകൊണ്ടു് ഇനി നമുക്കു് ആധുനിക പദ്യസാഹിത്യ
ത്തിലേയ്ക്കു് ഒന്നു കടന്നുനോക്കാം.

## II.

ആധുനിക പദ്യസാഹിത്യം തികച്ചും സ്വാതന്ത്ര്യവും അതിന്റെ
പാരമാർത്ഥികാവസ്ഥയിൽ അത്യധികം സുന്ദരവുമാണ്. ആസന്നമായ
ഭാവിയിൽത്തന്നെ വിപ്ലവപരമായ ഒരു പരിവർത്തനത്തിന്നു പ്രേരകമാ
കത്തക്കവണ്ണമാണ് അതിന്റെ ഇന്നത്തെ ഗതി. അടുത്തകാലം
വരേയ്ക്കും കൈരളിയിലേയ്ക്കു് ആശയസമ്പത്തുകൾ ഒഴുകിവന്നിരുന്നതു
സംസ്കൃതസാഹിത്യത്തിൽനിന്നു മാത്രമായിരുന്നുവല്ലോ. സംസ്കൃത
സാഹിത്യം എത്രതന്നെ സമ്പൂർണ്ണവും അമൂല്യവുമാണെങ്കിലും പുതിയ
ചിന്താഗതികളുടെ അഭാവം അതിന്നൊരു ന്യൂനതയാണെന്നുള്ള പര
മാർത്ഥം ആരും സമ്മതിക്കും. ഇന്നു, അനുദിനം പുഷ്ടിപ്രാപിച്ചു നാവരു
അന്യസാഹിത്യങ്ങളുമായി ഭാഷാസാഹിത്യത്തിന്നു് ആത്യന്തികമായ
സമ്പർക്കം സിദ്ധിച്ചുവരുന്നുണ്ടു്. ഹിന്ദി, ബങ്കാളി മുതലായി കാലോ
ചിതമായ പരിഷ്കാരം സിദ്ധിച്ച ഭാരതീയ ഭാഷകളിൽനിന്നു മാത്രമല്ല,
ഇംഗ്ലീഷ്, ഫ്രഞ്ച്, പേഴ്സ്യൻ തുടങ്ങിയ അന്യദേശഭാഷകളിൽനിന്നും
സംസ്കാരതരംഗിണികൾ കൈരളീകേദാരത്തിലേയ്ക്കു് ഒഴുകിക്കൊണ്ടിരി
ക്കുന്നു. ഇങ്ങനെ വിവിധസാഹിത്യങ്ങളിൽനിന്നുള്ള ആശയസമ്പത്തും

സൌന്ദൎയ്യസമ്പത്തും കൂടികലൎന്നു ഭാഷാസാഹിത്യത്തിൽ ഒരു പുതിയ സംസ്കാരം സമുത്ഭവിച്ചിട്ടുണ്ട്. ഈ സംസ്കാരമാണ് അഭിനവപരിവൎത്തനത്തിന്നു ഹേതുകമായിത്തീൎന്നതു്. ഇതിനെ ഉപജീവിച്ചാണു ഭാഷാപദ്യസാഹിത്യം ഇന്നു മികവോറും വളൎന്നുവരുന്നതും. അതു വിശ്വസാഹിത്യത്തിലെ ഒരു വ്യക്തിയായിത്തീരാൻ വെമ്പുകയാണിപ്പോൾ. ആ സംസ്കാരത്തിൻെറ ഘടകങ്ങൾ വേൎതിരിച്ചെടുപ്പാൻ തുലോം വിഷമമുണ്ട്. ടാഗോറിൻെറ ആദ്ധ്യാത്മിക ചിന്തയ്ക്കും ഉമാറിൻെറ ഭൌതികസുഖാന്വേഷണത്തിന്നും ഇന്നു നമ്മുടെ പദ്യസാഹിത്യത്തിൽ സ്ഥാനം സിദ്ധിച്ചിരിക്കുന്നു. യൂഗോവിൻെറ മനുഷ്യഹൃദയജ്ഞാനവും ആംഗലകവികളുടെ ജീവിതനിരീക്ഷണരീതിയും യുവകവികൾക്കു് അപരിചിതമല്ല; കാളിദാസപ്രഭൃതികളുടെ ധൎമ്മബോധവും ഗീഥേയുടെ പ്രകൃത്യനുകരണനൈപുണിയും അവർ അറിയാത്തതല്ല. സാഹിത്യക്ഷേത്രമാണെങ്കിൽ നമ്മുടെ മഹാകവികളുടെ കരുണാകടാക്ഷംകൊണ്ടു തികച്ചും ദോഹദപുഷ്ടിയുള്ളതായിത്തീൎന്നിരിക്കുന്നു. ഏതു ചെടിക്കും തിക്കും തിരക്കും കൂടാതെ വളരാൻ തക്ക വൈശാല്യവും ഇന്നു് അതിന്നു സിദ്ധിച്ചിട്ടുണ്ട്. ഈ നിലയിൽ പുതിയ പുതിയ പ്രസ്ഥാനങ്ങളുടെ ആവിർഭാവം സാഹിത്യത്തിൻെറ സമുൽഗതിക്കു സൎവ്വഥാ സഹായകമായേ തീരു.

അഭിനവപരിവൎത്തനത്തിൻെറ ഫലമായി കാവ്യകലയുടെ സ്വരൂപം, സ്വഭാവം, പ്രയോജനം ഇവയെല്ലാം ഗണ്യമായ അഭിപ്രായഭേദങ്ങളുണ്ടായിട്ടുണ്ട്. കലയുടെ മൂലോപാധി സൌന്ദൎയ്യമായതുകൊണ്ട്, സൌന്ദൎയ്യപ്രകാശനവിഷയത്തിലാണ് ആധുനികകവികൾ അധികം കണ്ണുവെച്ചു കാണുന്നതു്. സൌന്ദൎയ്യമാകട്ടെ, ഉപാധിരഹിതവും സാൎവ്വത്രികവുമാകുന്നു. സൎവ്വവ്യാപകമായ ഈ സൌന്ദൎയ്യത്തിൻെറ സാക്ഷാൽക്കാരമാണു കവിക്കു വേണ്ടുന്ന പ്രധാന മൂലധനം. പ്രപഞ്ചസൌന്ദൎയ്യത്തെ അതിൻെറ സാൎവ്വത്രികമായ നിലയിൽ കണ്ടറിഞ്ഞു പകൎത്തുവാനാണ് അഭിനവപ്രസ്ഥാനക്കാർ അധികം ശ്രദ്ധിച്ചുകാണുന്നതു്. സൌന്ദൎയ്യം സത്യത്തിൻെറ അഥവാ പരമാത്മാവിൻെറ പ്രകാശമായതുകൊണ്ട് സൌന്ദൎയ്യത്തിന്നാസ്പദമായ എല്ലാ വസ്തുക്കളിലും യുവകവികൾ ജീവിതവും ജീവിതവ്യാപാരങ്ങളും ദൎശിക്കുന്നു. ഇങ്ങനെ സചേതനങ്ങളെന്നപോലെ നിശ്ചേതനങ്ങളും കാവ്യവിഷയമായതുകൊണ്ടു കവിതയുടെ ജീവിതവിമൎശനമെന്ന മൎമ്മത്തിന്നു അഭിനവപ്രസ്ഥാനത്തിൽ വിസ്തൃതി വൎദ്ധിച്ചുവരികയാണു ചെയ്യുന്നതു്. കേരളേതരസാഹിത്യ

ങ്ങളിൽ പലതിലും ഈ പ്രസ്ഥാനം ഇതിന്നും എത്രയോ മുമ്പുതന്നെ അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടെങ്കിലും ഇവിടെ അടുത്തകാലത്തു മാത്രമേ ഇതു തളിരിടുവാൻ തുടങ്ങീട്ടുള്ളു.

"മൂകമാമൊരുവെറും മുകിൽഞാൻ ഘനീഭൂത-
ലോകബാഷ്പം നിൻസർഗ്ഗ സാമർത്ഥ്യനിദർശനം
ഇത്രമേലിരുണ്ടൊരെൻ ജീവിതംഭവാൻതീർത്തു
ചിത്രചേഷ്ടിതൻ വെണ്മവിതച്ചും കരത്താലെ.
മര,മാന,മാ,വാളി മാതിരി മാറിപ്പലേ
തരമാകാരംപൂണ്ടു ലോകത്താൽകാണപ്പെട്ടു.
ഹാ! ജഡാത്മകനാം ഞാനത്ഭുതസനാതന-
തേജസ്സേ, രൂപാന്തരം പ്രാപിപ്പൂവീണ്ടുംവീണ്ടും
സർവ്വദാഹന്തമദ്ധ്യത്തിൽ—നിന്നിച്ഛജയിക്കട്ടെ—
ദുർവ്വഹമൊരുഗ്രാഗ്നിദയന്തിഞാനുഴലുന്നു.
മാമകേച്ഛയല്ലാർക്കും ദൃശ്യമല്ലാത്തുള്ളതോ
ഭീമശക്തിതൻഗതി മൽഗതി നിയന്ത്രിപ്പൂ.
ഒന്നതുതിയാൽ ധീരസാഗരം ജാതാകമ്പ-
മുന്നതമഹാഗിരി മൂന്നാലുമണൽത്തരി!
താരകൾമഹോന്നതസ്ഥാനഗർ ചിരിപ്പാനും
ഭാരനമ്രമേഘങ്ങൾ പിറന്നു രോദിപ്പാനും
ഞാനതിൽദുഃഖിപ്പീലാപ്പുഞ്ചിരിവാടിപ്പോകും;
നൂനമെന്നശ്രുഗംഗ വാറാതെന്നെന്നും നിൽക്കും.
(മേഘഗീതം, ജി. ശങ്കരക്കുറുപ്പ്.)

മേൽകാണിച്ച ഉദാഹരണത്തിൽ കേവലം ജഡവും മൂകവുമായ മേഘത്തിൽ ചേതനത്വമാരോപിച്ച് അതിന്റെ ജീവിതത്തെ എത്ര മധുരമായി വിമർശിച്ചിരിക്കുന്നുവെന്നു നോക്കുക. മുൻഗാമികൾ മേഘാദി ക്ഷുദ്രവസ്തുക്കളിൽ സൌന്ദര്യം കണ്ടിരുന്നുവെങ്കിൽ അവരുടെ അനുഗാമികൾ കുറേക്കൂടി മുന്നോട്ടു കടന്ന് അവയിൽ ആ സൌന്ദര്യത്തിന്നും ആധാരമായ സത്യം അഥവാ ജീവിതം ദർശിക്കുന്നു. ഏതാദൃശമായ സൌന്ദര്യദർശനം 'മിസ്റ്റിസിസ'ത്തിലേയ്ക്കുള്ള പ്രവേശനദ്വാരമാണ്: സത്യതൃഷ്ണിതമായ കവിഹൃദയം നാനാത്വത്തിൽ ഏകത്വം —കേവലസത്യം— ദർശിച്ച് അതിന്റെ സൌന്ദര്യത്താൽ ആകൃഷ്ടമാകുമ്പോൾ ഉപബോധമനസ്സിൽ മങ്ങിക്കിടക്കുന്ന മധുരഭാവനകൾ വികസിച്ചു വിനിർഗ്ഗളി

കുന്നതാണ് ഉത്തമമായ മിസ്ററിക് കാവ്യം. സൎവ്വവ്യാപകമായ സാത്വികപ്രേമമാണ് അതിൻെറ പ്രതിപാദ്യവിഷയം. ടാഗോറിനെ അനുകരിച്ചു മിസ്റ്റിക്ഗാനങ്ങളെഴുതാൻ പുറപ്പെട്ട യുവകവികളിൽ പലക്കും പരാജയമാണു പററിക്കാണുന്നതു്. ഭൗതികസ്പൃഷ്ടമായ രാജസപ്രേമത്തെയല്ലാതെ ഉപാധിരഹിതമായ സാത്വികപ്രേമത്തെ അവക്കു സാക്ഷാൽക്കരിപ്പാൻ കഴിയാത്തതാണ് അതിന്നു കാരണം.

ഗൂഢാത്മകകവനങ്ങൾ (മിസ്റ്റിക് കവനങ്ങൾ) സംസ്കാരസുന്ദരമായ ഹൃദയത്തിൽനിന്നു നേരിട്ടു തുറന്നുവരുന്ന കലാപ്രവാഹമായതുകൊണ്ടു് ആലങ്കാരികനിബന്ധനകൾക്കു് അവ തീരെ കീഴടങ്ങുന്നില്ല. അനുകരണോൽസുകന്മാരായ യുവകവികളിൽ പലരേയും, യദൃച്ഛയാ സിദ്ധിച്ച ഈ സ്വാതന്ത്ര്യം വഴിപിഴപ്പിക്കുന്നില്ലയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ചിലർ മിസ്റ്റിക്ഗാനങ്ങളുടെ സ്വതഃസിദ്ധമായ ഗൂഢാത്മത തങ്ങളുടെ അശക്തികളെ ഒളിച്ചുവെപ്പാനുള്ള ഒരു മറവുതുണിയായി ഉപയോഗപ്പെടുത്തിക്കാണുന്നു. ഉഭയഭ്രഷ്ടങ്ങളായ ഇത്തരം കൃതികളാണ് സഹൃദയന്മാരെ അരിശം കൊള്ളിക്കുന്നതു്. താരുണ്യോദയത്തിൽ തളിരിടുന്ന ചില മധുരസങ്കല്പങ്ങളെ ഗാനരൂപേണ കോത്തിണക്കിയ ഈ മാതിരി കൃതികൾക്കു കേവലം പ്രണയഗാനങ്ങളിൽനിന്നു കവിഞ്ഞ ഒരു സ്ഥാനം അനുവദിപ്പാൻ പാടില്ലാതെയാണിരിക്കുന്നതു്.

അഭിനവപ്രസ്ഥാനത്തിൻെറ പ്രധാന മമ്മങ്ങളിലൊന്നു സൗന്ദൎയ്യപ്രകാശനമാണെന്നു പറഞ്ഞുവല്ലോ. പ്രപഞ്ചവ്യാപകമായ സനാതനസൗന്ദൎയ്യത്തെയല്ല വസ്തുനിഷ്ഠമായ ക്ഷണികസൌന്ദൎയ്യത്തെയാണ് ഇന്നത്തെ യുവകവികൾ അധികവും ആരാഞ്ഞുകൊണ്ടിരിക്കുന്നതു്. നക്ഷത്രങ്ങളുടെ പുഞ്ചിരിയേയും പുലരിയുടെ പൊന്നൊളിയേയും പൂവിൻെറ മൂകഗാനത്തേയും അവർ സതൃഷ്ണം പിന്തുടരുന്നു. അവയിലെല്ലാം വാസ്തവമായ സൌന്ദൎയ്യം കാണുന്നതിന്നും തങ്ങൾ കണ്ടതുപോലെ അന്യക്കു കാണിച്ചുകൊടുക്കുന്നതിന്നും അവൎക്കു കഴിയുന്നുണ്ടു്.

വാനിൽ വിരിയുന്ന താരകകോരകം
വാരി വിതറുന്ന മന്ദഹാസം
എന്നന്തരാത്മാവിൽച്ചേൎന്നലിഞ്ഞുന്മദ-
സുന്ദര ബുൽബുദമായിമാറി

പ്രേമത്തിൻ വിപ്പിൽത്തകൎന്നു തകൎന്നൊരു
രോമഹഷോത്സവമാഘോഷിപ്പൂ.
(ചങ്ങമ്പുഴ.)

എന്നീ വരികഠം നോക്കുക! കാവ്യശില്പത്തിലൂടെ പ്രപഞ്ചവ്യാപാരം പരിശോധിക്കുമ്പോഠം അനുഭവപ്പെടുന്ന സങ്കല്പങ്ങളുടെ മാധുരിയാണു് ഈ വരികളെ മനോഹരമാക്കിയിരിക്കുന്നതു്. അനുപദം കലാസൌന്ദൎയ്യം വാരിപ്പൂശിയ ഇത്തരം ഗാനങ്ങഠം ക്ഷണനേരത്തേക്കാണെങ്കിലും സഹൃദയന്മാരുടെ ഭാവനയിൽ മനോഹരങ്ങളായ പലേ ആലേഖ്യങ്ങളും വരച്ചുണ്ടാക്കുന്നു. നിശയുടെ ആഗമനം വൎണ്ണിക്കുന്ന മറ്റൊരു ഗാനശകലം നോക്കുക.

നൂനം തൻ ദേവപൂജയ്ക്കു താരക-
പ്പൂനിറച്ചൊരു പൂജാപ്പൂത്തട്ടുമായ്
നീലശൈലോപരിനിന്നു മേദുര-
ശ്രീലസാദ്രഭ്രപംക്തിയിലൂടവേ
സന്നതാംഗിനിശ്ശബ്ദമണയുന്നു
മന്ദ മന്ദ മിശ്ശ്യാമളയാമിനി.
ചേണലാവുന്നൊരന്തിതൻത്തൂമഞ്ഞിൽ
ചേൎന്നലിഞ്ഞിതിടയന്റെ പാട്ടുകഠം.

ഈശ്ശ്യാമളയാമിനിയെ നോക്കിക്കാണുന്ന പ്രേമതൃഷ്ണിതയായ നായിക പറകയാണു്:—

ഉൽഗജൽ ബാഷ്പപാദോദകവുമായ്
ഉന്മിഷൽ പ്രേമപൂജാസുമവുമായ്
പേൎത്തുമിന്നെൻ ഹൃദയകുടീരത്തിൽ
കാത്തിരിപ്പാണതിഥിപൂജയ്ക്കു ഞാൻ
(പി. കുഞ്ഞിരാമൻ നായർ)

ഭാവനാസമൃദ്ധങ്ങളായ ഇത്തരം കാവ്യശകലങ്ങഠം കൈരളിക്കു അത്യന്തസുന്ദരമായ ഒരു ഭാവിയെ അഭിവ്യഞ്ജിപ്പിക്കുന്നു. 'പ്രേമത്തിന്റെ തെളിച്ചില്ലിൽക്കൂടി ലോകസൗന്ദൎയ്യം നോക്കിക്കാണുക': ഇതാണു കാവ്യകലയ്ക്കുണ്ടായ പരിവത്തനം. ഭാഷാപദ്യസാഹിതി തന്റെ താരുണ്യത്തിന്നനുസരിച്ചു് ഇന്നു തികച്ചും പ്രേമശീലയായിത്തീൎന്നിരിക്കുന്നു.

ശിഥിലവൃത്തങ്ങളിൽ പ്രേമസുരഭിലമായ പ്രപഞ്ചസൗന്ദൎയ്യം പകൎന്നു വെച്ചിട്ടുള്ള ഗാനശകലങ്ങളാണു് പദ്യസാഹിത്യത്തിൽ ഇന്നു

എങ്ങും കാണുന്നതു്. ഇതു് അത്ര അഭിലഷണീയമാണെന്നു പറഞ്ഞുകൂടാ. അനുവാചകന്മാരുടെ ഹൃദയത്തിൽ സ്ഥായിയായ ഏതെങ്കിലും ആദർശത്തെ അങ്കുരിപ്പിച്ചു് അവരുടെ അഭിലാഷങ്ങളെ കർത്തവ്യോന്മുഖമാക്കാനുള്ള ആജ്ഞാശക്തി ഇവയ്ക്കില്ലെന്നു സമ്മതിക്കുകതന്നെ വേണം. ഭാവനയിൽ മധുരസ്വപ്നങ്ങളെപ്പോലെ ചില ചിത്രങ്ങൾ വരച്ചുവെച്ചതുകൊണ്ടുമാത്രം കവിതയുടെ ഉദ്ദേശ്യം സമ്പൂർണ്ണമായെന്നു സമ്മതിപ്പാൻ നിവൃത്തിയില്ല. അതു ഹൃദയത്തിൻെറ അടിത്തട്ടുവരെ ആണ്ടു ചെന്നു് അതിനെ വികാരതരളിതവും ഉൽബുദ്ധവും ആക്കുകകൂടി വേണം. ഇതിലേയ്ക്കാണു് പുരാതനകാവ്യമീമാംസകന്മാർ കാവ്യം രസാത്മകമാകണമെന്നു ശഠിച്ചിട്ടുള്ളതു്.

ആധുനിക കവിത മിക്കവാറും 'ഭാവാത്മക'മാണു്. എന്താണിതിന്നു കാരണമെന്നു പരിശോധിക്കാം. സ്ഥായിയായ ഏതെങ്കിലും ഇതിവൃത്തത്തിൽ സംഘടിച്ചു നിൽക്കുന്ന ഒരാലംബനമാണു രസോൽപ്പത്തിക്കു നിയാമകമായിരിക്കുന്നതെങ്കിൽ ഇന്നത്തെ കാവ്യശകലങ്ങളിൽ അത്തരം ഒരു ഇതിവൃത്തമാകട്ടെ, ആലംബനമാകട്ടെ കാണുന്നില്ല. സത്യത്തിൻെറ പുഞ്ചിരിയുടെ പരിമളധോരണിയേയോ നക്ഷത്രവെളിച്ചത്തിൻെറ നിശ്വാസത്തിൻെറ മൃദുലതയേയൊ അധികരിച്ചെഴുതുന്ന ഒരു കാവ്യത്തിൽ ഹൃദയദ്രവീകരണചണമായ 'രസം' ഉളവാകുന്നില്ലെങ്കിൽ അതിൽ ഒട്ടും അതിശയിപ്പാനില്ലല്ലൊ. ഇതിവൃത്തത്തിൻെറ കാര്യം അങ്ങനെ ഇരിക്കട്ടെ; കവിയുടെ വിവക്ഷിതം ഇന്നതെന്നറിഞ്ഞു് തദ്വാരാ ഹൃദയത്തിൽ സംഭവിക്കുന്ന ചലനം വഴിയായിട്ടാണല്ലൊ രസാനുഭൂതിയുണ്ടാകുന്നതു്. പലപ്പോഴും കവിഹൃദയം ഇന്നതെന്നു മനസ്സിലാക്കുവാൻ വിഷമമായിക്കാണുന്നു. ബ്രഹ്മാണ്ഡവ്യാപകമായ കവിയുടെ ഭാവനയെ പിൻതുടൎന്നു പോകുന്നതിന്നുതന്നെ അനല്പമായ ക്ലേശം അനുഭവിക്കണം. വാച്യാൎത്ഥം വിട്ടു്, ലക്ഷ്യാൎത്ഥത്തേയോ വ്യംഗ്യാൎത്ഥത്തേയോ തുടരുകയാണെന്നിരുന്നാൽപോലും കുറെ ദൂരം ചെല്ലുമ്പോൾ വിവക്ഷിതം അതോ ഇതോ എന്നറിയാതെ വായനക്കാരൻ നിരാശനായി പിൻതിരിയേണ്ടിവരുന്നു.

സുന്ദരി, ഭവദീയ ഭാവുക പ്രസാദത്തെ
യൊന്നലങ്കരിക്കാവൂ പൊൽക്കിനാവുകളാൽ ഞാൻ
ജീവിതനദിയിലിമാധുര്യം പതയുന്ന
പാവന സങ്കല്പത്തിൻ ചേണലതുളുമ്പുമ്പോൾ

തൂമയിൽ വിരിയുന്ന നൈതലാമ്പലുനിളെ
പ്രേമത്തിൻ രഹസ്യങ്ങൾ തുറന്നു വെച്ചീടുമ്പോൾ
ഓമനേ, ഞാണയുന്നു താവകചരണത്തിൽ
മാമകതപഃസിദ്ധി കാഴ്ചവയ്ക്കുവതിന്നായ്.

വികാരമധുരമായ മേൽക്കാണിച്ച വരികളിലെ കവിഹൃദയം ശരിയായാസ്വദിക്കുന്നതിനു സഹൃദയൻ ക്രമാധികം ക്ലേശിക്കേണ്ട. ഇതുപോലുള്ള സ്വതന്ത്രകല്പനകൾ ഇന്നത്തെ പദ്യസാഹിത്യത്തിൽ ഒട്ടും അപൂർവ്വമല്ല.

അഭിനവപ്രസ്ഥാനം അലങ്കാരബഹിഷ്കരണവിഷയത്തിൽ സുദൂരം മുന്നോട്ടു പോയിട്ടുണ്ട്. സുപ്രതിഷ്ഠിതമായ ഉപമയ്ക്കുപോലും ഇപ്പോൾ നിറംമങ്ങൽ പററിയിരിക്കുന്നു. സാമ്യമൂലകങ്ങളിൽ രൂപകത്തിന്നും അതിശയോക്തിമൂലകങ്ങളിൽ രൂപകാതിശയോക്തിക്കുംമാത്രമേ ഇന്നു പറയത്തക്ക സ്ഥാനമുള്ളു. ഇവയുടെ സഹായത്താൽ ഏതു ശുഷ്കവിഷയത്തേയും കലാസുരഭിലമാക്കാൻ കഴിയുമെന്നായിരിക്കുന്നു. അഭിനവകാവ്യശില്പത്തിൻെറ പ്രധാന കരുക്കളായ ഇവയെ തികച്ചും സ്വതന്ത്രമായാണ് ഉപയോഗിക്കുന്നതു്. ആലങ്കാരികന്മാർ അനുശാസിക്കുന്നതുപോലെ വിഷയവിഷയികൾക്കു തമ്മിൽ ധർമ്മൈക്യം കല്പിപ്പാൻ യുവകവികൾ തെയ്യാറില്ല. ധർമ്മങ്ങളുടെ ഐക്യത്തിൽനിന്നാണല്ലോ കവി നിഗ്രഹനം ചെയ്യു വിവക്ഷിതത്തിൻെറ പ്രതീതിയുണ്ടായി ചമൽക്കാരമുളവാകുന്നതു്. പൂർവ്വന്മാരുടെ പ്രയോഗങ്ങളിൽ ഉപമാനങ്ങൾ മിക്കതും കവിസങ്കേതപ്രസിദ്ധങ്ങളായിരുന്നതുകൊണ്ടു പലപ്പോഴും അവയ്ക്കു പരച്ചുംബിതമെന്ന ദോഷം ബാധിച്ചിരുന്നു.

കാറിൻചോട്ടിൽക്കലേശപ്പൊളിതിരകരിമി-
നങ്ങൾ താഴത്തൊരെള്ളിൻ
താരും ചെന്തൊണ്ടി മുക്താവലി മുകുരഭരം
വെണ്ണിലാവിന്ദുബിംബം
മേരുക്കുന്നഭ്രമെന്നല്ലസിതഭുജഗസോ-
പാനകൂപം മണൽത്തി-
ട്ടാരോമൽക്കാഞ്ചനത്തൂൺ കദളിവ തളിരിൻ
മോളിലൊന്നൊന്നു കാണാം.

എന്ന പ്രസിദ്ധപദ്യം നോക്കുക. ഇതിലെ ഉപമാനങ്ങൾ മിക്കതുമെന്നല്ല എല്ലാംതന്നെയും പൂർവ്വകവികല്പിതങ്ങളാണ്. അവയെ

അനുക്രമം അടക്കിവെച്ച് അനുവാചകന്മാരെ രസിപ്പിക്കുന്ന കവിയുടെ ഔചിത്യബോധത്തെയല്ലാതെ 'സൃഷ്ടിശക്തി'യെ പ്രശംസിക്കുന്നതിന്നു ഇവിടെ വഴി കാണുന്നില്ല. ആധുനികയുവകവികൾ അനന്യചുംബിതങ്ങളായ ഉപമാനങ്ങളെ സുലഭമായി പ്രയോഗിച്ചുവരുന്നു. എന്നാൽ ഉപമാനോപമേയങ്ങളുടെ സാധർമ്മ്യത്തിൽ അവർ തീരെ ശ്രദ്ധിക്കുന്നില്ല. കവിഹൃദയം സുഗമമല്ലാതിരിക്കുന്നതിന്നുള്ള ഒരു പ്രധാന കാരണം ഇതാണ്.

ഇപ്രപഞ്ചമുകുളത്തിൽനിന്നു
മുത്തുടവിക്കും പരിമളം
സീമയററപാരമാമാത്മീയ
പ്രേമവാനിൽ വിലയിപ്പൂ
ഭൌതികഭാരമെല്ലാ മീനെട്ടു-
പാതയിലിട്ടെറിഞ്ഞു നാം
ഈ രജനിയിലെത്തും മൃത്യുവിൻ
കൂരിരുളിനുമപ്പുറം
കൊച്ചുഹൃത്തിനാൽ നീ പുതക്കുക
മൃത്യുവിൻ ശീതബാധയിൽ.

(കുഞ്ഞിരാമൻ നായർ.)

എന്നീ വരികൾ നോക്കുക. ഇതിൻെറ ആസ്വാദനത്തിന്നു വാച്യാർത്ഥത്തെ നിശ്ശേഷം തിരസ്കരിച്ചു ലാക്ഷണികാർത്ഥത്തെ മാത്രം ശരണീകരിക്കേണ്ടിവരുന്നു.

ആധുനികകവിത കുറേക്കൂടി തത്വാന്വേഷണപരമാകുന്നുണ്ടെന്ന സംഗതി മറച്ചുവെയ്ക്കത്തക്കതല്ല. ഒരു കാലത്തു ബാഹ്യപ്രകൃതിയുടെ സൌന്ദര്യവാക്കുകളെക്കൊണ്ട് ചിത്രണം ചെയ്യുന്നതിലാണ് കവികൾ ശ്രദ്ധിച്ചിരുന്നതെങ്കിൽ, കേവലം പ്രകൃതിവർണ്ണനംകൊണ്ടു തൃപ്തിപ്പെട്ടിരുന്നുവെങ്കിൽ, ഇന്നത്തെ കവികൾ പ്രകൃതിയെ അനുകരിക്കുന്നതോടൊപ്പം അന്വേഷിക്കുന്നതിന്നും സന്നദ്ധരായിരിക്കുന്നു. 'കവിതയുടെ ഹൃദയത്തെ തത്വശാസ്ത്രത്തിലേയ്ക്കു ഉന്നയിക്കുന്നു' എന്നുള്ള പ്ലേറോവിൻെറ അഭിപ്രായം തികച്ചും കാമ്പുള്ളതാണ്. ഭാഷയിൽ മഹാകവി കുമാരനാശാനെ അനുകരിച്ച് ആരംഭിച്ച ഈ പ്രസ്ഥാനം ഏതാനും പരിവർത്തനങ്ങളോടുകൂടി ഇപ്പോൾ ഒരുവിധം പ്രചാരത്തിൽ വന്നിട്ടുണ്ട്.

ആധുനിക പദ്യസാഹിത്യത്തിൽ കാണുന്ന മറെറാരു പ്രത്യേകത മഞ്ജരി, പാന തുടങ്ങിയ വൃത്തങ്ങളെ അപേക്ഷിച്ചു കൂടുതൽ ശിഥിലങ്ങളും സംഗീതസാന്ദ്രങ്ങളുമായ ഗാനവൃത്തങ്ങൾക്കു പ്രാധാന്യം കല്പിക്കുന്നുവെന്നുള്ളതാണ്. ഭാഷയുടെ ഈ പുരാതനസ്വത്തുക്കൾ അടുത്ത കാലംവരേയും മിക്കവാറും മണ്ണടിഞ്ഞു കിടക്കുകയായിരുന്നു. ഇന്നു 'മധുരമൊഴി'മാരും 'ഗുണമേറും ഭർത്താക്കന്മാരും 'കാമനക്കുട്ടന്മാ'രും എല്ലാം കൂടി പുതിയ പുതിയ കവിതകളെ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. മൃദുലവികാരങ്ങളെ പ്രകാശിപ്പിക്കുവാൻ ഈ വൃത്തങ്ങൾക്കുള്ള പാടവം ഒന്നു വേറെത്തന്നെയാണ്. സാഹിത്യസംഗീതങ്ങളുടെ മാധുരി ഒരേ അവസരത്തിൽത്തന്നെ ആസ്വദിക്കുന്നതിന്നു സഹായിക്കുന്ന ഭാഷാവൃത്തങ്ങളിൽ ഇവയ്ക്കാണ് അഗ്രിമസ്ഥാനം. അനുപ്രാസാദികളുടെ മാധുര്യം തികച്ചും തെളിയിക്കുന്നതും ഈ ശിഥിലവൃത്തങ്ങൾ തന്നെയാണ്. താഴെ കാണിച്ച വരികൾ നോക്കുക:—

ഉയരെയതാ നിരന്നു നീർപൂമാല-
വെയിലുകൾ തൻ കൈത്തൊഴിലായമാല (?)
വിരിയുകയായ് മിന്നലിൻ പൊന്നിലയിൽ
വരിവരിയായ് വാനിലെശ്ശൈവലിയിൽ.

ഇത്തരം ശിഥിലവൃത്തങ്ങളിൽ എഴുതാനല്ല എഴുതിത്തുടങ്ങിയാൽ അവസാനിപ്പിക്കാനാണു വിഷമമെന്ന് ഈയിടയിൽ ഒരു രസികൻ അഭിപ്രായപ്പെടുകയുണ്ടായി. അതിൽ ഏറെക്കുറെ വാസ്തവമുണ്ടെന്നു സമ്മതിക്കാമെങ്കിലും കവിത്വവും പ്രയോഗപരിചയവും പ്രവൃദ്ധാവസ്ഥയിലെത്തിയവരെ അപേക്ഷിച്ചു യുവകവികൾക്ക് ഇവ പ്രത്യേകം സഹായകമായിരിക്കുമെന്ന സംഗതി ആർക്കും അപലപിക്കാവുന്നതല്ല.

## III.

ഇത്രയും പ്രസ്താവിച്ചതിൽനിന്ന് അടുത്ത കാലത്തുണ്ടായിട്ടുള്ള പരിവർത്തനത്തിൻെറ ഒരു സാമാന്യസ്വഭാവം വിശദമായിരിക്കുമെന്നു വിശ്വസിക്കുന്നു. ഭാഷാപദ്യസാഹിത്യം ഇപ്പോൾ ആ പരിവർത്തനത്തിൻെറ പ്രഭാതത്തിലാണ്. ചുററുപാടും കാണുന്ന കോലാഹലങ്ങൾ പ്രഭാതസാധാരണമത്രെ. മുന്നോട്ടു പോയിക്കൊണ്ടിരിക്കയെന്നതു ജീവിതത്തിൻെറ ശാശ്വതനിയമമാണ്. വളർന്നുവരുംതോറും സ്വാതന്ത്ര്യതൃഷ്ണ വർദ്ധിച്ചുവരുന്നു. ഏതു പരിവർത്തനവും സാമ്യപ്പെടുന്നതുവരെ രുചി

ക്കറവുള്ളതായി തോന്നും. കാലത്തിന്നു് അങ്ങനെ ഒരു പ്രത്യേകതയുണ്ടു്. അതു ക്രമേണ മാത്രമേ ഏതൊന്നിനേയും മധുരീകരിക്കയുള്ളൂ. നമ്മുടെ പദ്യസാഹിത്യം ഇനി വീണ്ടും പഴയ വഴിയിലേയ്ക്കു മടങ്ങുമോ എന്ന കാര്യം സംശയമാണു്. മൌലിക കാര്യങ്ങളിൽ അതു് അത്രയും അകന്നു തുടങ്ങിയിരിക്കുന്നു. ഇനി ഇന്നത്തെ നിലയിൽ അതിന്റെ ഗതിയെ ശരിയായി നിയന്ത്രിപ്പാനേ നിർവ്വാഹമുള്ളൂ. അതിന്നു കരുത്തുള്ള കൈകളും തലയും കൈരളിക്കു് ഇന്നില്ലായ്കയുമില്ല.

അഭിനവപദ്യസാഹിത്യത്തിൽ പ്രകടമായിക്കാണുന്ന ഒന്നു രണ്ടു ന്യൂനതകളിലേയ്ക്കു് കവിതാവ്യവസായികളുടെ ശ്രദ്ധയെ ക്ഷണിക്കേണ്ടിയിരിക്കുന്നു. ഇന്നു പുറപ്പെട്ടുകൊണ്ടിരിക്കുന്ന ഗാനശകലങ്ങളിൽ ഏറിയ കൂറും വർണ്ണനാപരങ്ങളാണു്. അവയ്ക്കു ജീവിതത്തിൽ പായത്തക്ക ആജ്ഞാശക്തിയുള്ളതായി കാണുന്നില്ല. നമ്മുടെ ഭാവന നക്ഷത്രങ്ങളുടേയും പൊന്നുഷസ്സിന്റേയും സൌന്ദര്യാതിശയത്തിൽനിന്നു കുറഞ്ഞൊന്നു മനുഷ്യലോകത്തിലേയ്ക്കും പ്രവേശിക്കേണ്ടിയിരിക്കുന്നു. കവിതയും ജീവിതവുമായുള്ള ബന്ധം കുറേക്കൂടി സുദൃഢമാകണം. ഇന്നു കവിതയ്ക്കു ജീവിതത്തിലുള്ള സ്വാധീനശക്തി-വികാരങ്ങളെ ഉത്തേജിപ്പിക്കുവാനുള്ള ശക്തി— ചുരുങ്ങി വരികയാണെന്നു പറഞ്ഞുവല്ലോ. ഇതിനുള്ള പ്രധാന കാരണം ശൃംഗാരേതരങ്ങളായ രസങ്ങളെ നിശ്ശേഷം അവഗണിക്കുന്നതാണു്. ശൃംഗാരത്തെ അതിന്റെ മാംസളത്വത്തിൽനിന്നു മോചിപ്പിച്ചു കൊണ്ടുവരുവാൻ യുവകവികൾക്കു കഴിഞ്ഞിട്ടുണ്ടു; എന്നാൽ കരുണം തുടങ്ങിയ അന്യരസങ്ങളുടെ പ്രകാശനകാര്യത്തിൽ അവർ ഏതാണ്ടു മൌനം അവലംബിച്ചിട്ടുള്ളതു പോലെ തോന്നുന്നു. ഈ ന്യൂനത നിശ്ചയമായും പരിഹരിക്കപ്പെടേണ്ടതാണു്. അതുപോലെത്തന്നെ ഖണ്ഡകാവ്യങ്ങളുടെ സ്ഥാനം കൂടി കാവ്യശകലങ്ങൾ കൈയ്യേറിയിരിക്കുന്നതും ആശാസ്യമായിരിക്കുന്നില്ല. വികാരോത്തേജകങ്ങളായ ഇതിവൃത്തങ്ങളെ ഉപജീവിച്ചു വിവിധരസപ്രധാനങ്ങളായ ഖണ്ഡകാവ്യങ്ങൾ ഇനിയും എത്രയോ ഉണ്ടാകേണ്ടതായിട്ടാണു് ഇരിക്കുന്നതു്. ഇതിലേയ്ക്കു സങ്കലനകാവ്യങ്ങളെ മാത്രം ആശ്രയിച്ചതുകൊണ്ടായില്ല.

മനുഷ്യവ്യാപാരങ്ങളിൽ ഭാവിക്കുള്ള ആജ്ഞാശക്തിയെ നമുക്കു വിശ്വസിക്കാമെങ്കിൽ,പദ്യസാഹിത്യത്തിൽ ഇന്നു സാർവ്വത്രികമായിത്തീർന്നിട്ടുള്ള ഈ ഉൽബുദ്ധത വിജയോന്മുഖമായിരിക്കുമെന്നു പ്രവചിപ്പാൻ അധൈര്യപ്പെടേണ്ടതില്ല. ഒരു 'സമസ്തഭാരതീയ സാഹിത്യപരിഷൽ

സംഘടനയ്ക്കുള്ള ഏപ്പാടുകൾ മിക്കവാറും ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. ഇന്ത്യയിലെ ഇതരസാഹിത്യങ്ങളുമായി കൈരളി പൂർവ്വാധികം ബന്ധപ്പെടാനാണു പോകുന്നതു്. പുതിയ പുതിയ ചിന്താഗതികളും സൌന്ദര്യപ്രകാശനരീതികളും നാം അറിയാതെത്തന്നെ സാഹിത്യാന്തരീക്ഷത്തെ ചുംബിച്ചു തുടങ്ങുകയായി. ടാഗോറിന്റേതെന്നപോലെ ഇക്ബാലിന്റെ സൌന്ദര്യബോധത്തിനും നമ്മുടെ സാഹിത്യത്തിൽ സ്ഥാനമുണ്ടാകേണ്ടതാണു്; ഭാവിയിൽ ഉണ്ടായിരിക്കുന്നതുമാണു്. വംഗീയസാഹിത്യമെന്നപോലെ ഉർദുസാഹിത്യവും ഭാഷാസാഹിത്യത്തിന്റെ വളച്ചയ്ക്കു പോഷകാംശങ്ങളേകിക്കൂടായ്കയില്ല. ഭാവിസാഹിത്യത്തിന്റെ സ്വരൂപവും ആദർശവും കേരളീയമല്ല, ഭാരതീയമായിരിക്കും. പരിതസ്ഥിതിക്കനുസരിച്ചുള്ള മനുഷ്യത്വത്തിന്റെ ആവശ്യങ്ങളും അഭിലാഷങ്ങളുമായിരിക്കും അതിന്റെ വളച്ചയ്ക്കു പ്രേരകമായിരിക്കുക. നമ്മുടെ സാമ്യവാദിസഹോദരന്മാർ പറയുന്നതുപോലെ നക്ഷത്രങ്ങളുടെ പുഞ്ചിരിയിലെന്നപോലെ പട്ടിണിപ്പാവങ്ങളുടെ ഒട്ടിയ കവിളത്തും കുണ്ടിൽ പോയ കണ്ണുകളിലും കവിതയുണ്ടെന്നും ജനതയുടെ സംസ്കാരോന്മിഷത്തുകളായ നേത്രങ്ങൾക്കു് അതു് അദൃശ്യമാകയില്ലെന്നും വിശ്വസിക്കണം.

ഏതൊരു സാഹിത്യത്തിന്റേയും ശരിയായ നിരൂപകൻ കാലമാണു്. കാലം ത്യജിക്കേണ്ടതിനെ ത്യജിച്ചു സ്വീകരിക്കേണ്ടതിനെ മാത്രം സ്വീകരിക്കുന്നു. ഒരു നേരിയ മൂടൽമഞ്ഞുകൊണ്ടു മറഞ്ഞുകിടക്കുന്ന ഇന്നത്തെ പദ്യസാഹിത്യാന്തരീക്ഷം ക്രമേണ തെളിഞ്ഞുവരുമെന്നു നമുക്കു സമാധാനിക്കുക. കാലോചിതമായ വികാസം സിദ്ധിച്ച ഒരു സാഹിത്യശാസ്ത്രഗ്രന്ഥം ഭാഷയ്ക്കു് ഇന്നു് അത്യാവശ്യമായിട്ടാണിരിക്കുന്നതു്. പുതിയ രീതിയിലുള്ള ഉക്തിവൈചിത്ര്യങ്ങൾ പ്രതിദിനമെന്നപോലെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അവയെ ശാസ്ത്രീയരീതിയിൽ ക്രമപ്പെടുത്തി ഭാവിയിലെ യുവകവികൾക്കു മാർഗ്ഗദർശകമാകുമാറു വേണം പ്രസ്തുതഗ്രന്ഥം വിരചിപ്പാൻ. ഭാരതീയ സാഹിത്യാചാര്യന്മാരുടെ സിദ്ധാന്തങ്ങളെ അന്യരാജ്യസാഹിത്യശാസ്ത്രകാരന്മാരുടേതുമായി ഇണക്കി ഭാവിസാഹിത്യത്തിന്റെ വിശാലതയ്ക്കു് അനുയോജിപ്പിച്ചുകൊണ്ടുള്ളതായിരിക്കണം ഈ ഗ്രന്ഥം. അതുപോലെതന്നെ പുതുതായി പ്രചാരത്തിൽ വന്നുകൊണ്ടിരിക്കുന്ന പഴയ 'ഗാനവൃത്ത'ങ്ങളേയും ലക്ഷണസമന്വയം ചെയ്തു വൃത്തശാസ്ത്രത്തിലുൾപ്പെടുത്തേണ്ട കാലം വൈകിയിരിക്കുന്നു.

# 'സയൻസി'ലെ 'മറിച്ചടി'.

— പ്രൊഫസ്സർ ജെ. മുണ്ടശ്ശേരി എം. എ.

ഒരു ശതാബ്ദാർദ്ധത്തിനുള്ളിൽ പദാർത്ഥവിജ്ഞാനത്തിൽ ഉണ്ടായ ഏതാനും നിഗമനങ്ങൾ 'സയൻസി'ൻെറ ഒന്നാകെയുള്ള പ്രപഞ്ചനിരീക്ഷണത്തെ കുറഞ്ഞൊന്നു ഭേദപ്പെടുത്തിയിട്ടുണ്ടു്. ഗണിതജ്ഞന്മാർ, പദാർത്ഥാഭിജ്ഞന്മാർ, ജ്യോതിഷികന്മാർ എന്നിവരാണു് അഭിനവവീക്ഷണപദ്ധതിയെ അനുകൂലിക്കുന്നവർ. അവർതന്നെയായിരുന്നു പഴയ പദ്ധതിയുടേയും ഉൽഘാടകന്മാർ. അവർ തെളിയിച്ചതിനെ, ഇതരവിജ്ഞാനശാഖകളിൽപ്പെട്ടവർ സ്വീകരിക്കയാണുണ്ടായതു്. എന്നാൽ ഇപ്പോൾ പദാർത്ഥവിജ്ഞന്മാർക്കും മററും ഉണ്ടായിട്ടുള്ള അഭിപ്രായഭേദം വകവെച്ചുകൊടുക്കുവാൻ ഇതരശാസ്ത്രജ്ഞന്മാരെല്ലാവരും ഒരുങ്ങുന്നില്ല. പരിണാമവാദത്തെ, ഭഞ്ജിക്കുവാൻ വയ്യാത്തൊരാധാരമായെണ്ണി, അതനുസരിച്ചു്, മനസ്സു്, ശരീരം, ജീവൻ എന്നിവയേപ്പററി ഗവേഷണങ്ങൾ നടത്തി പല പല അനുമാനങ്ങൾകൊണ്ടു് ബദ്ധകവചരായെന്നു് അഭിമാനിക്കുന്നവരാണു് ഈ 'രണ്ടാംതരക്കാ'രിൽ അധികംപേരും. അവർ ഈശ്വരനേയും ആത്മാവിനേയും മനസ്സിനേയും നാടുകടത്തിയിട്ടു കാലം കുറേയായി. അവരുടെ ദൃഷ്ടിയിൽ മനുഷ്യൻ വെറുമൊരു ലവണപിണ്ഡം മാത്രമാണു്. അങ്ങിനെയിരിക്കേ, പഴയ ഈശ്വരനേയും മററും പുനരാനയിക്കുന്ന പുതിയ പദാർത്ഥവിജ്ഞാനവും ജ്യോതിഷവും അവർക്കുണ്ടോ പത്ഥ്യമാകുന്നു. ചിലർ നവീനന്മാരുടെ ഉപലബ്ധികളൊന്നും അറിഞ്ഞില്ലെന്നു ഭാവിക്കുന്നു. വേറെ ചിലർ അവ ഗണനീയങ്ങളല്ലെന്നുവെച്ചു തള്ളുന്നു! മൂന്നാമതൊരു കൂട്ടർ പരിഭ്രമത്തോടുകൂടി കൃഷിക്കാരൻ പാടത്തു് വരമ്പിനു മെയ്യുമ്പോലെ സ്വവിശ്വാസത്തിനു 'മുട്ടുശാന്തി'കൾകൊണ്ടു് ശക്തി വർദ്ധിപ്പിക്കാനുത്സാഹിക്കുന്നു. ആകെക്കൂടി ഒരു വല്ലാത്ത ബഹളം. യൂറോപ്പിൽ രാഷ്ട്രങ്ങൾ തമ്മിലെന്നപോലെ ശാസ്ത്രങ്ങൾ തമ്മിലും വലിയ മത്സരമായിരിക്കയാണു്.

ഒരു നൂററാണ്ടു മുമ്പു് പ്രകൃതിശാസ്ത്രജ്ഞന്മാർ ചേതനാചേതനഭേദമെന്നിയെ എല്ലാം ശാസ്ത്രത്തിനു അളന്നുകുറിക്കാമെന്നു തീർച്ചപ്പെടുത്തി. "പ്രപഞ്ചം ഒരു വമ്പിച്ച യന്ത്രം മാത്രമാണു്. അതിലുൾപ്പെടുന്ന മനുഷ്യനും അപ്രകാരമായിരിക്കണം. മനുഷ്യനുൾപ്പെടെയുള്ള

പ്രപഞ്ചത്തിൻെറ ഗതിവിഗതികളശേഷം അനതിക്രമണീയങ്ങളായ നിയമങ്ങൾക്കധീനമായിരിക്കും. ആ നിയമങ്ങൾ കണ്ടു പിടിക്കേണ്ട താമസമേയുള്ളു സൃഷ്ടിസ്ഥിതികർമ്മങ്ങൾകൂടി നിർവ്വഹിക്കാൻ. 'സംഹാരം' ഇപ്പോൾ 'സയൻസ്' രുദ്രവേഷം കെട്ടാതെതന്നെ വേണ്ടപോലെനിർവ്വഹിക്കുന്നുണ്ടല്ലോ'' ഏകദേശം ഇങ്ങനെയൊരു ബോധം ശാസ്ത്രജ്ഞന്മാൎക്കിടയിൽ പരന്നു. അതോടെ മനുഷ്യൻെറ ജീവനും മനസ്സും ശരീരവും വെട്ടിപ്പകുത്തു പരിശോധിക്കുന്നതിൽ പല വിദ്വാന്മാരും ബദ്ധശ്രദ്ധരായി. എന്തുകൊണ്ടു്? മനുഷ്യൻ മാത്രമേ പ്രത്യക്ഷത്തിൽ നിയമലംഘിയായി അവൎക്കു് അനുഭവപ്പെട്ടുള്ളു. അവൻെറ കാൎയ്യംകൂടി അളന്നു തിട്ടപ്പെടുത്തിയാൽ പിന്നെ 'കേസ്സിനു' 'അപ്പീൽ' വേണ്ടല്ലോ എന്നവർ കരുതി. അപ്പോഴും തങ്ങളിൽനിന്നു്—ചിന്താസാമ്രാജ്യത്തിൽ നിമിഷംപ്രതി പ്രക്ഷോഭങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്ന തങ്ങളിൽനിന്നു—ഭിന്നന്മായ ഒരാളായിട്ടേ അവർ മനുഷ്യനെ ഗണിച്ചിരുന്നുള്ളു. എന്നാൽ മി. ഫൌസ്സററ് (Fousset) പറയുംപോലെ, മനുഷ്യനിൽ അവനുമാത്രം അറിയാവുന്നൊരു പരമതത്വം കിടപ്പുണ്ടു്. ബഹിൎവ്വത്തിയായ ശാസ്ത്രജ്ഞൻ, അതറിയാതെ എങ്ങനെ മനുഷ്യൻെറ വില നിൎണ്ണയിക്കും? മേല്പറഞ്ഞ വിദ്വാന്മാർ നൈജമായ ആത്മതത്വം ആലോചനാവിഷയമാക്കാതെ, അന്യനായ മനുഷ്യൻെറ ശരീരഘടനാദികൾമാത്രം നിരീക്ഷണം ചെയ്തുവന്നു. അറിഞ്ഞേടത്തോളം തത്വങ്ങളെ ആസ്പദമാക്കി അവർ മനുഷ്യനെ വെറുമൊരു യന്ത്രമായി തരംതാഴ്ത്തിവിട്ടു. പിന്നത്തെ ശ്രമം അണുപുടങ്ങൾക്കു (cells) ജീവൻ കൊടുക്കുവാനായിരുന്നു. അതു് ഇന്നും നടന്നുവരുന്നുണ്ടു്. ഇതേവരെ അണുസജീവീകരണം (Vivification of cells) സാധിതമായിട്ടില്ല. എങ്കിലും അവരുടെ വീരവാദങ്ങൾ അന്തരീക്ഷത്തിൽ മുഴങ്ങിക്കൊണ്ടുതന്നെയിരിക്കുന്നു.

പത്തൊമ്പതാം നൂററാണ്ടിൽ യാന്ത്രികബോധത്തിൻെറ പ്രണേതാക്കളായിരുന്ന പ്രകൃതിശാസ്ത്രജ്ഞന്മാരുടെ അനന്തരഗാമികൾ പൂൎവ്വജ്ഞാനത്തിൻെറ ഉല്പത്തിയെക്കുറിച്ചു പിന്നെയും ചിന്തിച്ചുകൊണ്ടിരുന്നു. 'ഈതർ' (Ether) പോലെയുള്ള 'കീറാമുട്ടികൾ' പദാൎത്ഥവിജ്ഞാനത്തിൽ കുറച്ചൊന്നുമല്ല ഉള്ളതു്. തന്നിമിത്തം അവരുടെ അനുപപത്തിശങ്കകൾ അടക്കടി വൎദ്ധിച്ചുവന്നു. അപ്പോഴേയ്ക്കും അലകതകാണസിദ്ധാന്തവും (Electron Theory) സത്വകണികാസിദ്ധാന്തവും (Quantum Theory) തലപൊക്കി പദാൎത്ഥവിശകലനവിഷയത്തിൽ വലിയ വിപ്ലവങ്ങൾ ഉണ്ടാക്കി

സജീവങ്ങളിൽ കാണുന്ന അനിശ്ചേയത്വം (Indeterminacy) നിർജ്ജീവങ്ങളിൽകൂടി ഒട്ടൊക്കെ കണ്ടുമുട്ടുന്നുണ്ടെന്നും, ആ സ്ഥിതിക്ക് മനുഷ്യമനസ്സിന്റെ സ്വാതന്ത്ര്യപ്രവൎത്തനങ്ങളെ നിരൎത്ഥങ്ങളെന്നുവെച്ച തള്ളേണ്ടതില്ലെന്നും, എല്ലാത്തിന്റെയും പിമ്പിലായി മഹത്തായൊരു മാനസശക്തി ഉണ്ടെന്നു വിചാരിക്കയാണുത്തമമെന്നും ഉള്ള മതങ്ങൾ ക്രമേണ പുനഃപ്രദൎശിതങ്ങളായി. പ്രകൃതിവിജ്ഞാനീയത്തിൽ പൎയ്യവേക്ഷണങ്ങൾ നടത്തി 'തല മൂക്കിയ' മഹാരഥന്മാരാണ്, പഴയ യാന്ത്രികബോധം അയുക്തികം മാത്രമല്ലാ, അനുഭവവിരുദ്ധംകൂടിയാണെന്നു ഗ്രഹിച്ച് ഈ 'മതംമാററ'ത്തിനു വിധേയരായതു്. മനസ്സും പദാൎത്ഥവും (Mind and Matter) സ്വരൂപത്തിലല്ലാതെ സ്വഭാവത്തിൽ ഭിന്നമല്ലെന്നു സ്ഥാപിക്കുവാൻ ചെയ്യുന്ന ശ്രമം വ്യൎത്ഥമാണെന്നു അവർ പരസ്യമായി പ്രഖ്യാപനം ചെയ്തു. പ്രകൃതിശാസ്ത്രത്തിന്റെ സൎവ്വസ്വവും,

1. മനസ്സെന്താണ്? പദാൎത്ഥമല്ല.
2. പദാൎത്ഥമെന്താണ്? മനസ്സല്ല.

എന്നീ രണ്ടു ചോദ്യങ്ങളിൽ സമാഹരിക്കാമെന്നു വന്നു. അതോടെ ഒരുകൂട്ടർ പ്രേതാത്മവാദികളായിത്തിരിഞ്ഞു. ശരീരഭിന്നമായൊരു ആത്മാവുണ്ടെന്നും, അതിന്നു ശരീരം വെടിഞ്ഞാലും വിനാശംവിനാ ജീവിക്കാമെന്നും, അത്തരം സ്വതന്ത്രാത്മാക്കൾക്കു ശരീരബന്ധങ്ങളായ ഇതരാത്മാക്കളുമായി വിചാരവിനിമയം ചെയ്യാമെന്നുമായി അവരുടെ വിശ്വാസം. അവരിൽ പലതുകൊണ്ടും പ്രാമാണികനായ സർ ഒലിവർ ലോഡ്ജ് (Sir Oliver Lodge) താൻ ഇവിടെ എഴുതിയിട്ടേച്ചുപോകുന്ന ലക്ഷ്യങ്ങൾ മരണാനന്തരം താൻതന്നെ (പ്രേതമെന്നൎത്ഥം) ഇങ്ങോളമെത്തി കണ്ടെടുത്തു സ്നേഹിതന്മാൎക്കു കാണിച്ച് പ്രേതാത്മവാദത്തിന്റെ യാഥാൎത്ഥ്യം അനിഷേദ്ധ്യമാംവിധം തെളിയിക്കുമെന്നു ശപഥം ചെയ്തിട്ടുണ്ട്. (1)

'സയൻസി'ന്റെ പ്രതിനിവൎത്തനത്തിൽ പ്രേതാത്മവാദത്തോളം എത്താൻ മടിച്ച പ്രകൃതിശാസ്ത്രജ്ഞന്മാർ അലകുതകുകണ സിദ്ധാന്തവും സത്വകണികാസിദ്ധാന്തവും വെച്ചുകൊണ്ടു വീണ്ടും പ്രേക്ഷണം നടത്തി. സ്വസ്ഥാനത്തു് നിന്നിളകുന്നതോടെ കാന്തിരൂപത്തിൽ സത്വകണങ്ങൾ (Quantum of Enrgy) വിക്ഷേപണം ചെയ്യുന്ന പദാൎത്ഥ

---

(1) Ref; My Philosophy by Sir Oliver Lodge.

പരമാണുക്കൾ അഥവാ അലക്തകാണുക്കൾ എവിടെയാണ് നിലകൊള്ളുന്നതെന്നോ എങ്ങോട്ടാണു പോകുന്നതെന്നോ തിട്ടപ്പെടുത്താൻ യാതൊരു വഴിയുമില്ലെന്ന് അവർ ഒടുവിൽ മനസ്സിലാക്കി. ഈ നിഗമനം, പ്രൊഫസ്സർ ബെവിങ്ക് പറയുംവണ്ണം, ഭാവിയിലെ കണ്ടുപിടുത്തങ്ങളാൽ പ്രത്യാദിഷ്ടമാകുമെന്നു പ്രതീക്ഷിക്കാൻ വയ്യാത്ത ഒന്നാണ്. (1) അതോക്കുമ്പോൾ, അചേതനപ്രപഞ്ചത്തിന്റെ നിയമവിധേയത്വം—മനുഷ്യനെ യന്ത്രമാക്കാൻ ശാസ്ത്രജ്ഞന്മാരെ പ്രേരിപ്പിച്ച യാന്ത്രികബോധത്തിനും—കാര്യമായ ഹാനി തട്ടിയെന്നു സമ്മതിക്കണം.

പദാർത്ഥവിജ്ഞാതാക്കളിൽതന്നെ ഏതാനും പേർ ജ്യോതിസ്സുകളുടെ സ്ഥിതിഗതികൾ അവഗാഢമായി പഠിച്ചുവന്നിരുന്നു. അവർ ശുക്ലപടലങ്ങളുടെ (Nebula) അപസരണം (Receding) കണ്ടതോടുകൂടി അമ്പരന്നുപോയി. അരുമേതുമറിയാതെ മുറക്കു വിത്തുവിത്തു വരുന്ന ഈ ബ്രഹ്മാണ്ഡത്തിന്റെ ഭാവിയെക്കുറിച്ചാലോചിച്ചിട്ട് അവർ ആശ്ചര്യമൂകരായിരിക്കയാണ്. ഇന്ദ്രിയദ്വാരാ നാം കാണുന്നതെന്തോ അതൊന്നും വാസ്തവമായെണ്ണാൻ പാടില്ലെന്നും, സകലവും മനസ്സിന്റെ പ്രകല്പനമാകാനേ തരമുള്ളു എന്നുമായിരിക്കുന്നു അവരുടെ അവസാനത്തീർപ്പ്. അതിവിസ്തരം ഭയന്ന് അവരുടെ പര്യാലോചനകളെല്ലാം ഇവിടെ ഉദ്ധരിക്കുന്നില്ല. ചുരുക്കത്തിൽ എല്ലാം ജീവാത്മാവിൽ അന്തർല്ലയിപ്പിക്കുന്ന തനിദ്വൈതമായില്ലേ ഇന്നത്തെ 'സയൻ'സെന്നു സംശയിക്കണം. ജീവാത്മാവുകളുടെ അന്തരാളത്തിൽ ഒരു പരമാത്മാവിനെ—ഒരു മഹാമനസ്സിനെ—ഉപക്ഷേപിക്കുവാൻ അവർ മടിക്കുന്നില്ല. (2)

വിശപകടാഹത്തെപ്പറ്റി ഉത്തപ്തശിരസ്കരായാലോചിച്ച് ഏറെക്കുറെ ഐശ്വരശക്തിയിലേയ്ക്കു തിരിച്ചുവന്നിട്ടുള്ള ശാസ്ത്രധുരന്ധരന്മാരുടെ വാക്കുകൾ അംഗീകരിക്കുവാൻ സന്നദ്ധരല്ലാത്ത കുറെ രണ്ടാംതരം ശാസ്ത്രജ്ഞന്മാരുണ്ടെന്നു മുമ്പു സൂചിപ്പിച്ചുവല്ലോ. അവരിൽ മികച്ചവർക്കുപോലും ഈയിടെ സ്വല്പം ക്ഷോഭം തട്ടിയിട്ടുണ്ട്. ജന്തുശാസ്ത്രത്തിലും ജീവനശാസ്ത്രത്തിലും ദീർഘപരിചയം നേടിയ ജോൺ ബേക്കറും ജൂലിയൻ ഹക്സ്‌ലിയും (John Baker and Julian Huxely) രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായശകലങ്ങൾ കേൾക്കുക:—

---

(1) Ref: science and God By Prof: Bavink
(2) Ref; Writings of Jeans, Eddington, Whitehead etc.

"Are we then to pronounce ourselves as Machanists? That, you will Say, is the obvious alternative. Personally, I consider that it would be premature in the extrame to do so"—

John Baker.

"Something of the nature of mind must inhere in the issence of things."

*   *   *   *   *

The biologist finds it exceedingly difficult to believe with the pessimists and the Sceptics that human life means nothing. It is part of a larger whole, and of a whole with a main upward movement." (1)

JulianHuxely

ഇതിൽനിന്ന്, അവരുടെ കടിഞ്ഞാൺ വിട്ട ഓട്ടം നിലച്ചിരിക്കുന്നതായി ഊഹിക്കണം.

ചില വിദ്വാന്മാർ ഉത്സർഗ്ഗങ്ങൾക്കു (General rules) അപവാദങ്ങൾ (Exceptional rules) ഉണ്ടാകുക സാധാരണമാണെന്നും അവയെ കണക്കാക്കേണ്ടതില്ലെന്നും പറഞ്ഞ് അലൌകികകാര്യങ്ങളുടെ നിയമലംഘനം നിസ്സാരമായിത്തള്ളുന്നു. മാത്രമല്ല, സയൻസിലെ നിയമങ്ങൾ മിക്കവാറും ശരിയെന്നല്ലാതെ മുഴുവൻ ശരിയെന്നു കരുതേണ്ടതില്ലെന്നു ജല്പിക്കയും ചെയ്യുന്നു.

"A Scientific law is only a statement of what seems extremely likely to happen"—Prof. Levy. (2.) ബലേഭേഷ്! ഇതു് ഇരിക്കുന്ന കൊമ്പുമുറിക്കുന്ന വിദ്യയല്ലെങ്കിൽ പിന്നെയെന്താണ്? ഈ സ്ഥിതിക്കു ശകുനം നോക്കലും ലക്ഷണം പറയലും നക്ഷത്രഫലം നിശ്ചയിക്കലുമെല്ലാം ശാസ്ത്രീയമല്ലേ? ഈ 'അപവാദ'തിരസ്കാരകന്മാരോടു സർ ഒലിവർ ലോഡ്ജ് പറയുന്ന ഉത്തരം ശ്രദ്ധേയമാണ്. "പ്രകൃതിവിജ്ഞാനീയത്തിൽ അപവാദങ്ങൾ അപ്രധാനങ്ങളല്ല, അതിപ്രധാനങ്ങളാകുന്നു. ഒരിക്കൽ ചെയ്തിട്ടുള്ള വിധിക്കു വിപരീതമായി എന്തെങ്കിലും പ്രകൃതിയിൽ സംഭവിച്ചാൽ ഉടനടി അതിനെപ്പററി നല്ലവണ്ണം ഗവേഷണം നടത്തണം. അങ്ങനെയുള്ള ഗവേഷണങ്ങൾ മഹാതത്വങ്ങളുടെ വിശദീകരണത്തിനു നാന്ദിയായിരിക്കും. ശാസ്ത്രത്തിന്റെ ചരിത്രത്തിൽ അനവധി പ്രധാനങ്ങളായ സിദ്ധാന്തങ്ങളൊക്കെയും അങ്ങനെയേ ആവിഷ്കൃതമായിട്ടുള്ളു." ശരിയല്ലേ? ഇപ്പോൾ മനുഷ്യമനസ്സിന്റെ അഭൌതികധർമ്മങ്ങൾ വെളിപ്പെടുത്തുവാൻ ഉപകരിക്കുന്നുവല്ലോ എന്നു ഖേദിച്ച് അലൌകികകാര്യസ്വഭാവത്തിലുള്ള പ്രത്യേകത ഒഴിച്ചുവിടാമോ?

---

(1) Ref: Science in the changing world.

(2) I bid.

# സീത—ഒരു സ്വഭാവാദ്ധ്യയനം.

—പി. എസ്സ്. അനന്തനാരായണശാസ്ത്രി.

പുരാണങ്ങളിലെ നായകന്മാരിൽ ശ്രീരാമനെന്നപോലെ നായികമാരിൽ സീതയും അതുല്യമായ ഒരു ഉൽകൃഷ്ടസ്ഥാനത്തെയാണർഹിക്കുന്നതു്. ഭർത്തൃപ്രേമം, പാതിവ്രത്യം, സഹിഷ്ണുത, സ്ഥൈര്യം എന്നീ ഗുണങ്ങൾ ദേവിയിൽ അഹമഹമികയാ വിളങ്ങുന്നു. ഭാരതീയരുടെ വനിതാദർശബോധം എത്രമാത്രം ഉയൎന്നപടിയിൽ എത്തിയിരുന്നുവെന്നു തെളിയിപ്പാനുള്ള പ്രഥമോദാഹരണമാണ് സീതാദേവിയെന്നു പറയാം.

ദേവിയുടെ ഉൽപത്തിതന്നെ അമാനുഷത്വത്തിന്നു ലക്ഷ്യമാണ്. യജ്ഞകർമ്മത്തിന്നായി ഉഴുതിരുന്ന പുണ്യഭൂമിയിൽനിന്നാണു സീത എന്നന്വൎത്ഥസംജ്ഞയായ ദേവിയുടെ ആവിർഭാവം. ഭൂമിയിൽനിന്നു ജാതയായ കുമാരിയുടെ മാതാവു ഭൂമിദേവി തന്നെയാണെന്നു പൌരാണികന്മാർ വൎണ്ണിക്കുന്നു. കൎമ്മയോഗംകൊണ്ടു സിദ്ധി സമ്പാദിച്ചവരിൽ അഗ്രേസരനും യാജ്ഞവൽക്യമഹൎഷിയുടെ മുഖത്തിൽനിന്നു ബ്രഹ്മതത്വോപദേശം ലഭിച്ച പുണ്യപൂരുഷനുമായ ജനകനാണു ദേവിയെ പോഷിപ്പിക്കുകനിമിത്തം പിതൃസ്ഥാനത്തിന്നർഹനായതു്.

പുരാതന കാലങ്ങളിൽ, വരന്മാരുടെ വീര്യം പരിക്ഷിച്ചു വധുവിനെ ദാനം ചെയ്യുകയെന്ന സമ്പ്രദായം ക്ഷത്രിയരുടെ ഇടയിൽ നടപ്പുണ്ടായിരുന്നു. തന്റെ പൂൎവ്വികന്മാരിൽ വരുണൻ സമൎപ്പിച്ചിരുന്ന പരമേശ്വരന്റെ മഹാധനുസ്സിൽ ഞാണേററി ശരം തൊടുക്കുവാൻ ത്രാണിയുള്ള വീരനു കന്യകയെ നൽകുന്നതാണെന്നു ജനകൻ പ്രതിജ്ഞചെയ്തു. അനവധി രാജാക്കന്മാർ സ്വബാഹുവീര്യം പരീക്ഷിച്ചു ഭഗ്നാശയരായി മടങ്ങി. ജനകനും കുണ്ഠിതമായി. അങ്ങനെയിരിക്കുന്ന ഘട്ടത്തിലാണു ബ്രഹ്മചൎയ്യത്തിൽതന്നെ വിശ്വാമിത്രന്റെ യജ്ഞരക്ഷയും അഹല്യയുടെ ശാപമോക്ഷവും നിറവേററി താപസലോകത്തിന്റെ പ്രീതിഭാജനമായിത്തീൎന്ന രാമൻ* വില്ലു കാണ്മാനാഗ്രഹിച്ചു സാനുജനായി വിശ്വാമിത്രന്റെ നേതൃത്വത്തിൽ മിഥിലയിലെത്തിയതു്. രാമന്റെ ദൎശനമാത്രത്താൽ ജനകന്റേയും ജനങ്ങളുടേയും മനസ്സു കുളിൎത്തു.

---

* പകൎപ്പവകാശം.

രാമൻ കൌതുകത്തോടെ വില്ലെടുത്തു ശരസംധാനം ചെയ്യാൻ തുടങ്ങിയപ്പോഴേയ്ക്കും വില്ലു രണ്ടുകഷണമായി മുറിഞ്ഞു. ജനങ്ങളുടെ ആശ്ചര്യത്തിന്നും സീതയുടെ ആഹ്ലാദത്തിന്നും അതിരുണ്ടായിരുന്നില്ല. രാജാക്കന്മാരും മഹർഷിമാരും നിറഞ്ഞ മഹാസഭയിൽവെച്ച് ആനന്ദഭരിതനായ ജനകൻ,

"ഇതായെൻമകളാം സീതയങ്ങയ്ക്കു സഹധർമ്മിണി,
വാങ്ങിയ്ക്കുകിവളെബ് ഭദ്രം കൈപിടിക്കുക കൈയ്യിനാൽ"

എന്നു പറഞ്ഞുംകൊണ്ടു സീതയുടെ പാണിപല്ലവം രാമൻെറ കരകമലത്തിൽ സമർപ്പിച്ചു കൃതാർത്ഥനായി. സീത ദശാപരിണാമങ്ങളുടെ ശക്തിയേല്ക്കാത്ത യഥാർത്ഥസഹധർമ്മിണിയാവുകയും ചെയ്തു. അവരുടെ പരസ്പരപ്രേമം ഒരാളുടെ ഹൃദയത്തിലുളവാകുന്ന ഭാവങ്ങൾ മററെയാളുടെ ഹൃദയത്തിൽ സ്ഫുരിക്കത്തക്കവണ്ണം അത്ര ആന്തരവും അകൈതവവും ആയിരുന്നു.

പിതാവിൻെറ സത്യപാലനത്തിനായി പതിന്നാലു സംവത്സരം കാട്ടിൽ മുനിവൃത്തിയായി താമസിപ്പാനൊരുങ്ങി യാത്ര പുറപ്പെട്ട രാമൻ, നിഴൽ പോലെതന്നെ പിൻതുടരുന്ന സീതയെ കൂട്ടിക്കൊണ്ടു പോകുന്നതിൽ ആദ്യം വൈമുഖ്യം കാണിച്ചു. ഈ സന്ദർഭത്തിൽ രാമനെ രൂക്ഷമായി ആക്ഷേപിപ്പാൻപോലും സീത പ്രേമത്താൽ പ്രേരിതയായി. രാമനെപ്പിരിഞ്ഞ് ഒരു നിമിഷംപോലും താനിരിക്കുകയെന്നതു സ്വപ്നത്തിലായാലും അവൾക്ക് അവിഷഹ്യമായിരുന്നു. ക്ലേശങ്ങൾ നിറഞ്ഞ കാനനത്തിൽ ഞാൻ മുമ്പിൽ നടന്നു കല്ലും മുള്ളും മൃദുവാക്കിത്തീക്കാമെന്നാണവൾ പറഞ്ഞതു്. പട്ടാഭിഷേകത്തിനായി പട്ടുടുത്തപ്പോഴും വനവാസത്തിനായി വൽക്കലം ധരിച്ചപ്പോഴും മുഖത്തിൽ ഭാവഭേദമുണ്ടാകാത്ത രാമൻെറ അനുരൂപപത്നി തന്നെയാണു സീതയെന്നു സകലക്കും ബോദ്ധ്യമായി.

വനത്തിൽ പ്രവേശിച്ച ഉടനെ ശ്യാമമെന്നു പ്രസിദ്ധമായ പേരാൽ വൃക്ഷത്തെ പ്രദക്ഷിണം ചെയ്തു തൊഴുതു് സീത ഇങ്ങനെ പ്രാർത്ഥിച്ചു. "അല്ലയോ ദേവതാത്മൻ, ഭവത് പ്രസാദത്താൽ എൻെറ പ്രിയതമൻ പ്രതിജ്ഞയെ നിർവ്വഹിപ്പാൻ ശക്തനാകേണമേ!" ഭർത്താവിൻെറ ക്ഷേമം മാത്രമാണു പതിവ്രതമാരുടെ പരമലാഭം! അത്രിപത്നിയായ അനസൂയ സീതയുടെ സൽഗുണങ്ങളെ അന്യാദൃശമായി പ്രശംസിക്കുകയും തപസ്സിദ്ധികൊണ്ടു താൻ ലഭിച്ചിരുന്ന ദിവ്യഭൂഷണങ്ങളാലും

അനുലേപനത്താലും സ്വന്തം സ്നുഷയെപ്പോലെ അവളെ അലങ്കരിക്കുകയും ചെയ്തു. വനത്തിലുള്ള താപസിമാൎക്കെല്ലാം സീത ഓമനമകൾ തന്നെയായിരുന്നു.

ദേവിയുടെ പഞ്ചവടീനിവാസം സൗഭാഗ്യഭാസുരമായിരുന്നു. ഗോദാവരി നദിയിലെ കുളിർകാറേററ സൈകതങ്ങളിൽ വിഹരിക്കുക, മാൻകുട്ടികളെ ലാളിച്ചു പോഷിപ്പിക്കുക, ലതകളും, ചെടികളും നട്ടുനനച്ചു വളൎത്തുക ഇങ്ങനെയുള്ള വിനോദങ്ങളിൽ രമിച്ചിരുന്ന സീത രാജഗൃഹവാസത്തെ തീരെ വിസ്മരിച്ചിരിക്കാം. അപ്പപ്പോൾ ആശ്രമങ്ങളിൽ ചെന്നു താപസിമാരുടെ സഹവാസസുഖമനുഭവിപ്പാനും അവരുടെ കഷ്ടപ്പാടുകൾ പ്രാണനാഥനെ അറിയിച്ച് അതുകൾക്കു നിവൃത്തി വരുത്തുവാനും സീതക്കു സാധിച്ചു.

സ്ത്രീസഹജമായ ചാഞ്ചല്യവും വാക്പാരുഷ്യവും ക്ഷണനേരത്തേക്കു സീതയേയും ബാധിച്ചിരുന്നില്ലെങ്കിൽ "രാമായണം" തന്നെ മററൊരു രൂപത്തിൽ പരിണമിക്കുമായിരുന്നു. അത്ഭുതാകാരമായ പൊൻമാനിനെ കണ്ടപ്പോൾ ദേവിയുടെ ഹൃദയം കൌതുകതരളിതമായി. മായാവിയായ മാരീചന്റെ മരണക്ഷണത്തിലെ രാമസ്വരാനുകാരിയായ ആൎത്തനാദം ഭ്രാതൃദാസനായ ലക്ഷ്മണനെപ്പോലും സീതയുടെ വാക്പാരുഷ്യത്തിന്നു ലക്ഷ്യമാക്കിത്തീൎത്തു. പരുഷവാക്കുകളാൽ പരുക്കേററ ഹൃദയത്തോടെ ലക്ഷ്മണൻ ഭ്രാതൃശാസനത്തെയും ലംഘിച്ചു അവളെ ഏകാകിനിയായി പൎണ്ണശാലയിൽ വിട്ടു രാമസമീപത്തേക്കു ത്വരിതമായി പുറപ്പെട്ടു. ദേവിയെപ്പോലെയുള്ള ഒരു വനിതപോലും ഇപ്രകാരം ലക്ഷ്മണനെപ്പോലെയുള്ള ഒരു ഭ്രാതൃവത്സലനെ അധിക്ഷേപിപ്പാൻ മുതിൎന്നതു വിധിവൈപരീത്യമോ അബലാദൌൎബ്ബല്യമോ എന്നു തീൎത്തുപറവാൻ പാടുള്ളതല്ല. സീതയുടെ ഹതവിധി ആ നിമിഷംമുതൽ പ്രാബല്യം വഹിച്ചുതുടങ്ങി.

ഭിക്ഷുരൂപം ധരിച്ച് ആശ്രമത്തിൽ വന്ന രാവണനെ സീത ഭക്തിപുസ്സരം സ്വാഗതംകൊണ്ടു സത്കരിച്ചു. സ്വന്തം രൂപം വെളിവാക്കി ദുരഭിലാഷവിഷം വമിച്ച ആ രാക്ഷസാധമനെ ജാനകി തൃണംപോലെ ധിക്കരിച്ചു. ഏകാകിനിയായ അവളുടെ ധൈൎയ്യം ആ സന്ദൎഭത്തിലാണു കാണേണ്ടത്. ത്രൈലോക്യവിജയിയും മായാവിയുമായ രാവണന്റെ വശത്തിൽ ചാരിത്രകവചരക്ഷിതയായ മൈഥിലിക്ക് അകപ്പെടേണ്ടിവന്നു. ദേവി സ്വാധീനയാകുമോ എന്നറിയാതെ അന്തഃ

പുരത്തിൽ അവളെ പ്രവേശിപ്പിക്കാൻ നിശാചരചക്രവർത്തി ധൈൎയ്യപ്പെട്ടില്ല. ഭയങ്കരരൂപിണികളായ രാക്ഷസിമാരുടെ രക്ഷയിൽ അശോകവനികയിലാണ് അവൻ ദേവിയെ ഇരുത്തിയതു്.

രാപ്പകൽ 'രാമ, രാമ' എന്നു വിലപിച്ചും തൻെറ അവിവേകത്തെക്കുറിച്ചു പശ്ചാത്തപിച്ചും ഉപവാസകൃശയായി, മലിനമായ ഏകവസ്ത്രം ധരിച്ച് കാന്തി മങ്ങി ശുക്ലപക്ഷാരംഭത്തിലെ ശശികല പോലെ വാണിരുന്ന വൈദേഹിയുടെ സ്ഥിതി ശോചനീയമായി പരിണമിച്ചു. രാക്ഷസിമാരുടെ തൎജ്ജനങ്ങളും രാവണൻെറ പ്രലോഭനങ്ങളും ദേവിക്ക് അഗണ്യങ്ങളായിരുന്നു. സദാ ദുഃഖകല്ലോലങ്ങളിൽ മുഴുകി യാതൊരവസാനവും കാണാതെ നിരാശതയുടെ പരമകാഷ്ഠയിലെത്തിയ ആ പതിദേവത ഗൎഹിതമായ ആത്മഘാതത്തിന്നു പോലും സന്നദ്ധയായി. അപ്പോഴാണു ജഗത്പ്രാണനായ വായുവിൻെറ പുത്രനായ ഹനുമാൻ ദേവിയുടെ കൎണ്ണപുടങ്ങളിൽ രാമനാമാമൃതം വൎഷിച്ച് അവളുടെ ഹൃദയത്തിന്നു പുതിയ ജീവിതാശയെ അങ്കുരിപ്പിച്ചതു്.

പ്രാണനാഥൻെറ അംഗുലീയകവും വഹിച്ചു സമുദ്രതരണം ചെയ്തു തൻെറ സമീപത്തെത്തിയ ആ മഹാനുഭാവൻെറ ദൎശനത്താൽ ആഹ്ലാദിച്ചു മതിമറന്ന മിഥിലാരാജപുത്രി താനറിയാതെ,

"ജീവിക്കും നരനാനന്ദം നൂററാണ്ടാലെങ്കിലും വരും"

എന്നുച്ചരിച്ചു. പൂൎവ്വക്ഷണത്തിൽ അവളുടെ നില എന്തായിരുന്നു. ഇപ്പോഠം അവളുടെ ഹൃദയം എങ്ങനെ സ്പന്ദിക്കുന്നു! ഇതാണു ലോകചക്രഭ്രമണം. സീത ഹനുമാനെ പലതവണ കൺകുളിക്കെ ദൎശിച്ചു; പിന്നേയും പിന്നേയും പ്രശംസിച്ചു. ഹനുമാൻ രാമൻെറ കഷ്ടാവസ്ഥയേയും സീതാന്വേഷണവ്യവസായത്തേയും സുഗ്രീവസഖ്യം മുതലായ സംഭവങ്ങളേയും വൎണ്ണിച്ചു ദേവിയെ സമാശ്വസിപ്പിച്ചു. ദേവിയുടെ ഹൃദയം രണ്ടാമതും സ്ഥൈൎയ്യമവലംബിച്ചു. എങ്കിലും ഭൎത്താവിൻെറ ക്ലേശവൃത്താന്തം അവളെ അതിമാത്രം വേദനപ്പെടുത്തി.

മായാവിയായ രാക്ഷസരാജാവിൻെറ ദുശ്ചേഷ്ടിതങ്ങഠം ദേവിയെ പലപ്പോഴും വ്യാമോഹിപ്പിച്ചു. മായാനിൎമ്മിതമായ രാമശിരസ്സിനെ ദേവിയുടെ മുമ്പിൽ വച്ചു! തൻെറ പ്രാണനാഥൻ അന്തരിച്ചുപോയി എന്നുള്ള കഠിനവാക്യനാരാചം അവളുടെ കൎണ്ണങ്ങളിൽ തറപ്പിച്ചു. എങ്കിലും വസ്തുസ്ഥിതിയറിഞ്ഞിരുന്നവളും ജാനകിയുടെ നേരെ അനുതാപമുള്ളവളുമായ ത്രിജട 'ഇതെല്ലാം ഇവരുടെ മായയാണെ'ന്നു മനസ്സി

ലേററി സമാധാനിപ്പിച്ചു. ഭത്താവിൻെറ അഭയത്തിൽ ആശ്വസിച്ച അവനിനന്ദിനി, മുമ്പുണ്ടായ മരണവാത്താശ്രവണത്താൽ സ്വപ്രാണൻ തന്നെ വിട്ടുപിരിയാത്തതോത്തു പരിതപിച്ചു! ഈ വിധം പലപ്രകാരത്തിലുള്ള തീവ്രതാപങ്ങളെ സഹിച്ചുകൊണ്ടുതന്നെ സതീത്വത്തിന്നു യാതൊരു ഹാനിയും നേരിടാതെ രക്ഷോഗൃഹവാസത്തിൻെറ മറുകരയിലെത്തി. എന്നാൽ ദേവിയുടെ ദുഃഖം ഇവിടേയും അവസാനിച്ചില്ല.

ഗ്രഹമുക്തനായ ചന്ദ്രനെപ്പോലെ വിജയശ്രീകൊണ്ടു ശോഭിക്കുന്ന ഭത്താവിൻെറ പ്രസന്നമുഖം കൺകുളിക്കെക്കാണുവാൻ കൊതിച്ചുകൊണ്ടുചെന്ന ദേവിയോടു ലോകാപവാദം ഭയപ്പെടുന്ന ആ പുരുഷകേസരി അനാസ്ഥയോടെ പറഞ്ഞു,

"ചാരിത്രസംശയം വന്നോളെ മുന്നിലമരുന്ന നി
നേത്രരോഗിക്കു ദീപംപോലെനിക്കഹിതയാം ദൃഢം",

എന്ന വാക്കുകൾ അവളുടെ ഹൃദയമമ്മങ്ങളെ പിളന്നു. അഗ്നിക്കു തന്നെ ഇത്ര തൈക്ഷണ്യമില്ലെന്നു ദൃഷ്ടാന്തപ്പെടുത്തുന്നപോലെ സീത ജ്വലിക്കുന്ന വഹ്നിയിൽ പ്രവേശിച്ചു. ദേവിയുടെ ചാരിത്ര്യതേജസ്സിന്നെതിരായി നില്പാൻ അഗ്നിതേജസ്സിന്നു ശക്തിയുണ്ടായില്ല. ലോകസാക്ഷിയായ അഗ്നിഭഗവാൻ വൈദേഹിയെ വാരിയെടുത്തു സവ്വദേവസമക്ഷം

"ഇതാ രാഘവ, നിൻ സീത, യിവൾക്കില്ലൊരു പാപവും"
എന്നുൽഘോഷിച്ചു രാമന്നു സമപ്പിച്ചു.

ശത്രുസംഹാരംകൊണ്ടു കൃതകൃത്യനായ രാമൻ കാലാതിക്രമം ശങ്കിച്ചു സീതയോടും സുഹൃത്തുക്കളോടും ചേന്നു പുഷ്പകവിമാനത്തിൽ കയറി അയോദ്ധ്യയിലേക്കു ദ്രുതഗതിയായി പുറപ്പെട്ടു. മാഗ്ഗമദ്ധ്യത്തിൽ മനോഹരങ്ങളായ കാഴ്ചകൾ ചൂണ്ടിക്കാണിച്ചും വനവാസസൌഭാഗ്യങ്ങളെ അനുസ്മരിപ്പിച്ചും ദേവിയെ ഉല്ലസിപ്പിച്ചു. ഭ്രാതൃവത്സലനായ ഭരതനാൽ സൽക്കരിച്ചു നഗരത്തിലേക്കു പ്രവേശിപ്പിക്കപ്പെട്ട രാമനെ പിൻതുടന്നു സീതയും "ഭത്താവിൻെറ കഷ്ടപ്പാടുകൾക്കെല്ലാം ഏകകാരണമായ ഈ ഭാഗ്യഹീന നിങ്ങളെ വണങ്ങുന്നു"വെന്നു പറഞ്ഞുംകൊണ്ടു രാജ്ഞിമാരെ വണങ്ങി.

പട്ടാഭിഷേകം കഴിഞ്ഞു പരമാഹ്ലാദമനുഭവിക്കുന്ന സുഹൃത്തുക്കൾക്കു രാമൻ മഹാഘങ്ങളായ പാരിതോഷികങ്ങൾ നല്കി. ദേവി താനു

ണിഞ്ഞിരുന്ന ഉത്തമമുക്താഹാരം കഴുത്തിൽ നിന്നെടുത്തു കയ്യിൽ വഹിച്ചുംകൊണ്ടു നാലുഭാഗത്തേയ്ക്കുംനോക്കി. ആ നോട്ടത്തിൻെറ സാരം എളുപ്പത്തിൽ അറിയാവുന്നതല്ല. ആരെയാണ് ദേവി താല്പൎയ്യത്തോടെ തിരയുന്നതു്? തന്നെ, ദുഃഖസാഗരത്തിൽ മുങ്ങിയിരുന്ന തന്നെ, തിരഞ്ഞു വന്ന ആ പരമബന്ധുവിനെയല്ലാതെ മററാരെയാണ്? അനന്തരക്ഷണത്തിൽ അടുത്തുവന്ന ഹനുമാൻെറ കണ്ഠത്തിൽ ആ മുക്താഹാരം പരിലസിച്ചു.

ദേവിയുടെ സഹിഷ്ണുതയെ മുമ്പിലത്തേക്കാൾ കൎക്കശമായി പരിക്ഷിപ്പാൻ ഹതദൈവം തുനിഞ്ഞു. പ്രാണനാഥനോടൊരുമിച്ചു ദാമ്പത്യസുഖങ്ങളെ ആസ്വദിച്ച് അന്തൎവ്വത്നിയായി ആസന്നപ്രസവയായിരിക്കുന്ന കാലത്തു ലോകാപവാദം നിമിത്തം രാജധൎമ്മത്തെ ഹാനിവരാതെ രക്ഷിപ്പാനായി രാമൻ ദേവിയെ ഗൃഹത്തിൽനിന്നു നിരസിപ്പാൻ നിശ്ചയിച്ചു. ആശ്രമങ്ങൾ കാണ്മാനുള്ള കൌതുകം തീൎപ്പാനാണെന്ന വ്യാജവും പറഞ്ഞു ഭ്രാതൃവശ്യനായ ലക്ഷ്മണൻ അവളെ വനത്തിൽകൊണ്ടുപോയി കരുണാർദ്രഹൃദയനായ വാല്മീകിയുടെ ആശ്രമപരിസരത്തിൽ ഉപേക്ഷിച്ച് രാജശാസനം ഗ്രഹിപ്പിച്ചു. അശരണയായ സീത അപ്പോഴും തൻെറ കൎമ്മപരിപാകത്തെ പഴിച്ചതല്ലാതെ പ്രാണവല്ലഭനായ രാമനെ ഒരു വിധത്തിലും നിന്ദിച്ചില്ല. തൻെറ ദീനാക്രന്ദനത്തെ ദേവി ഇങ്ങനെയാണ് അവസാനിപ്പിക്കുന്നതു്:—

*സാഹം തപഃസൂൎയ്യനിവിഷ്ടദൃഷ്ടി-
രൂൎദ്ധ്വം പ്രസൂതേശ്ചരിതും യതിഷ്യേ
ഭൂയോയഥാമേ ജനനാന്തരേപി
ത്വമേവ ഭൎത്താ നചവിപ്രയോഗഃ

വൈദേഹിയുടെ വിലാപം കേട്ടു കരുണാവിഷ്ടനായ വാല്മീകി അടുത്തുചെന്ന് അവളെ ആശ്വസിപ്പിച്ചു സ്വാശ്രമത്തിലേക്കു നയിച്ചു. ചിരപരിചിതമായ ആശ്രമവാസസുഖത്തിൽ സമാധാനം ലഭിച്ച ദേവിക്കു രണ്ടു പുത്രന്മാർ ജനിച്ചു. രാജ്ഞീത്വത്തേക്കാൾ ഉൽകൃഷ്ടമായ മാതൃത്വം പരിത്യക്തയായ ജാനകിക്കു ജീവിതസാഫല്യം ഉളവാക്കി. മഹൎഷി കുട്ടികളുടെ ബാല്യസംസ്കാരങ്ങളെ യഥാവിധി നടത്തി മററു വിദ്യകളെല്ലാം പഠിപ്പിച്ചതിനു ശേഷം താൻ പുതുതായി നിൎമ്മിച്ചിരുന്ന

---

* രഘുവംശം, സൎഗ്ഗം 14 ശ്ലോകം 66.

രാമായണവും അവരെ പഠിപ്പിച്ചു. മക്കൾ പാടുന്ന മധുരമായ രാമചരിതഗാനം കേട്ടു മൈഥിലി ഹർഷപുളകിതയായി.

സീതയെ ഗൃഹത്തിൽനിന്നു നിരസിച്ചാലും മനസ്സിൽനിന്നു നിരസിപ്പാൻ രാമന്നു സാധിച്ചില്ല. ധീരനായ രാമൻ സീതയെ വിചാരിച്ചു വ്യസനിച്ചുതന്നെ കാലശേഷം നയിച്ചു. താൻ നിമിത്തം ദുഃഖിക്കുന്ന രാമൻെറ ശോകവൃത്തമാനം ദേവിയെ ഒരുവശത്തു സമാധാനിപ്പിക്കുകയും മറേറവശത്തു വ്യാകുലപ്പെടുത്തുകയും ചെയ്തു. സാർവ്വഭൗമത്വത്തെ പ്രഖ്യാപനം ചെയ്യുന്ന അശ്വമേധത്തിൽ സഹധർമ്മിണിയുടെ സ്ഥാനം സ്വർണ്ണമയിയായ സീതാപ്രതിമയാണു വഹിച്ചതെന്നറിഞ്ഞപ്പോൾ ഭർത്താവിൻെറ അശരണാവസ്ഥ അവളെ പൂർവ്വാധികം വേദനപ്പെടുത്തി. സാമാന്യലോകം ദോഷാരോപണം ചെയ്തുവെങ്കിലും മഹർഷിലോകം ദേവിയെ ബഹുമാനിച്ചു പൂജിച്ചു.

ഭൗതികങ്ങളായ സമൃദ്ധികളിലല്ല സുഖം കുടികൊള്ളുന്നതെന്നും, ദാമ്പത്യജീവിതത്തിന്നു ജയിപ്പാൻ സാധിക്കാത്ത സങ്കടങ്ങളില്ലെന്നും, സീത വനവാസനിശ്ചയംകൊണ്ടു സ്പഷ്ടമാക്കി. വാക്പാരുഷ്യത്തിൻെറ ഫലം അപാരമായ ആപത്താണെന്നു ലോകത്തെ ധരിപ്പിച്ചു. പാതിവ്രത്യത്തേക്കാൾ പരമമായ തേജസ്സു മറെറാന്നില്ലെന്നു ദൃഷ്ടാന്തപ്പെടുത്തി. ഈ ലോകത്തിലെ സ്തുതിനിന്ദകൾ എത്ര തുച്ഛങ്ങളും അവിവേകജടിലങ്ങളുമാണെന്നു തെളിയിച്ചു. മാതൃത്വത്തിന്നു താങ്ങുവാൻ കഴിയാത്ത താപം വേറെയില്ലെന്നു വ്യക്തമാക്കി. ദേവി, സഹിഷ്ണുതയുടെ മൂർത്തിയായ അവിടന്നു ഭൂമിയുടെ ഔരസപുത്രിയാണെന്നു വാല്മീകി പറഞ്ഞതിൻെറ താല്പര്യം സാധാരണന്മാർക്കു സ്വാനുഭവംകൊണ്ടു സുഗ്രഹമാക്കിയ അവിടേയ്ക്കു് അനേകം നമസ്കാരം ! !

# :: പ്രതിധ്വനി. ::

## വിശ്വസാഹിത്യം.

### അതിന്റെ യഥാർത്ഥ സ്വരൂപം

—ഡോക്ടർ രവീന്ദ്രനാഥ ടാഗോർ.

മഹാകവി രവീന്ദ്രനാഥടാഗോർ "വിശ്വഭാരതി"യിൽ ഇപ്രകാരം എഴുതുന്നു:

മനുഷ്യത്വത്തെ നല്ലപോലെ സ്പർശിക്കുവാൻ പര്യാപ്തങ്ങളായ ഗ്രന്ഥങ്ങൾ നിർമ്മിക്കുന്നവർ മാത്രമാണ് സാഹിത്യലോകത്തിൽ ചിരംജീവികളായിരിക്കുന്നതു്. പല കാലങ്ങളിലും പല രാജ്യങ്ങളിലുമായുണ്ടായിട്ടുള്ള അത്തരം ഗ്രന്ഥകാരന്മാർ, ഒരു നിർദ്ദിഷ്ടമായ മാതൃകയ്ക്കനുസരിച്ച്, ഒരു കൃത്യം നിർവ്വഹിക്കുന്നതിന്ന് ഈ ലോകത്തിൽ ഒത്തുകൂടി. അവരുടെ മുമ്പിൽ ഒരു പരിപൂർണ്ണമായ പ്രവൃത്തിപരിപാടി ഉണ്ടായിരുന്നില്ല; തന്നിമിത്തം പലപ്പോഴും അവർക്കു തെററുകൾ പററിക്കൊണ്ടിരുന്നു; മിക്കപ്പോഴും ചെയ്ത പണി മുഴുവൻ വീണ്ടും ചെയ്യേണ്ടിയും വന്നു. എങ്കിലും ആ പ്രവൃത്തിക്കാർ, സാധാരണക്കാരെ അപേക്ഷിച്ച്, കൂടുതൽ ഭാവനാശക്തിയും, കർമ്മകുശലതയും ഉള്ളവരായിരുന്നതിനാൽ കലാകാരന്മാരെന്ന പേരിന്ന് അർഹന്മാരായിത്തീർന്നു.

ലോകത്തിലെ കർമ്മഭൂമിയിൽ മനുഷ്യന്റെ സന്ദേശമെന്തായിരുന്നു, അവന്റെ യത്നങ്ങൾ എന്തിനുവേണ്ടിയായിരുന്നു, അവന്റെ ഉദ്ദേശ്യം എന്തായിരുന്നു എന്നീ അന്വേഷണങ്ങൾക്കു സമാധാനം ലഭിക്കണമെങ്കിൽ, അവന്റെ മുഴുവൻ ചരിത്രത്തേയും നമുക്കൊന്നു വിഹഗവീക്ഷണം ചെയ്യേണ്ടിവരും. അക്ബറുടേയോ, എലിസബത്തിന്റേയോ, ഭരണത്തെ വേർതിരിച്ചെടുത്തു നോക്കുകയാണെങ്കിൽ, അതിന്റെ ഫലം ചരിത്രവാർത്തകളറിയുവാനുള്ള നമ്മുടെ ജിജ്ഞാസയെ തൃപ്തിപ്പെടുത്താമെന്നുള്ളതു മാത്രമായിരിക്കും. അക്ബറും എലിസബത്തും വെറും ഉപകരണങ്ങൾ മാത്രമായിരുന്നു; വിജയത്തിൽ കൂടിയും പരാജയത്തിൽകൂടിയും ഏതോ ഒരു നിർദ്ദിഷ്ടസ്ഥലത്തേയ്ക്കു നീങ്ങിക്കൊണ്ടിരിക്കുന്ന മനുഷ്യത്വത്തിന്ന് പ്രവർത്തിക്കുവാൻ കിട്ടിയ വെറും ആയുധങ്ങളായിരുന്നു; മനുഷ്യജാതി, അധികമധികം മഹത്വം സമ്പാദിക്കുവാൻ വെമ്പിക്കൊ

ണ്ടിരിക്കുകയാണ്; അതിനുവേണ്ടി അതു് ഐക്യത്തോടും നാനാത്വത്തോടുംകൂടി മാറിമാറി പ്രവൎത്തിക്കുന്നു; ഈ സംഗതികൾ ചരിത്രത്തിൽനിന്നു് മനസ്സിലാക്കാൻ കഴിയുന്ന വീക്ഷകൻ വ്യക്തികളെ വേൎതിരിച്ചെടുക്കുകയല്ല. മനുഷ്യത്വം ഉടഞ്ഞു് ചിതറിപ്പോകുന്നതും വീണ്ടും അണഞ്ഞുചേരുന്നതും അവൻ കാണുന്നു. അങ്ങനെ അതു് അഭേദ്യമായ ഒരു പരിപൂൎണ്ണവസ്തുവായിത്തീരുന്നതിനെ അവൻ ഭാവനയിൽ കാണുന്നു. അങ്ങനെയുള്ള ഒരാൾ, മടങ്ങിപ്പോകുന്ന തീൎത്ഥയാത്രക്കാരെ കണ്ടു തൃപ്തിയടഞ്ഞിരിക്കുകയില്ല. തന്നെത്താൻ മുന്നോട്ടുപോയി പരിശുദ്ധക്ഷേത്രത്തിലെത്തുവാൻതന്നെ ശ്രമിക്കും.

വിശ്വസാഹിത്യത്തിന്റെ കാൎയ്യവും ഇങ്ങിനെതന്നെയാണ്. അവിടെ കാണുവാനുള്ളതു്, മനുഷ്യന്റെ നിലനില്പിന്നു കാരണമായ ആ ചൈതന്യത്തിൽ സ്ഥിതിചെയ്യുന്ന ആനന്ദത്തെ അവൻ എങ്ങനെ പ്രദൎശിപ്പിക്കുന്നുവെന്നുള്ളതാണ്. ഏതു നിലയിലാണ്—പ്രപിയുടേയോ അനുഭവരസികന്റേയോ, ആത്മനിയന്ത്രകന്റേയോ — ആരുടെ നിലയിലാണ് അവൻ വിവിധഘട്ടങ്ങളിൽ ആ ആനന്ദത്തെ പ്രദൎശിപ്പിക്കുന്നതെന്നുള്ളതാണ് നാം നോക്കേണ്ടതു്; ആ നിലകളിൽ കൂടിയെല്ലാം, ആ വൈവിധ്യങ്ങളിൽക്കൂടിയെല്ലാം, അവന്റെ ആത്മശക്തി അതിന്റെ മാഹാത്മ്യമറിയുവാൻ വെമ്പിക്കൊണ്ടിരിക്കുന്നുണ്ടോ എന്നാണു നോക്കേണ്ടതു്.

ചുരുക്കിപ്പറയുകയാണെങ്കിൽ, ഒരാൾ ലോകസാഹിത്യത്തിൽ തിരഞ്ഞുനോക്കേണ്ടതു്, മനുഷ്യൻ ലോകവുമായി എന്തൊരു ബന്ധമാണു സ്ഥാപിച്ചിട്ടുള്ളതെന്നാണ്. ഇതിനെത്തന്നെ മറെറാരു വിധത്തിൽ പറയുകയാണെങ്കിൽ, സത്യവുമായി അവന്റെ ബന്ധമെങ്ങനെയുള്ളതാണെന്ന അന്വേഷണമായിരിക്കണം അവനവിടെ ചെയ്യുന്നതു്. സാഹിത്യം ഒരു കൃത്രിമസൃഷ്ടിയാണെന്ന നിലയിലല്ല, നാമതിനെ വീക്ഷിക്കേണ്ടതു്. അതു് ഒരു പ്രത്യേക ലോകമാകുന്നു—പരിപൂൎണ്ണമായിക്കഴിഞ്ഞിട്ടില്ലാത്ത ഒരു ലോകം. യാതൊരു വ്യക്തിക്കും അതിന്റെ മുഴുവൻ സത്യവും ഇനിയും വെളിവായികഴിഞ്ഞിട്ടില്ല. മനുഷ്യപ്രയത്നംകൊണ്ടു പരിണാമങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന ഈ ഭൌതികപ്രപഞ്ചംപോലെതന്നെ അതും സൃഷ്ടിയിലാണ്. എങ്കിലും അതിന്റെ ആ അപൂൎണ്ണതയിലും പരിപൂൎണ്ണതയുടെ മാതൃക നിലീനമായിരിക്കുന്നുണ്ടു്.

മനുഷ്യത്വത്തെ നമ്മുടെ ബാഹ്യദൃഷ്ടികളാൽ നമുക്കു കാണ്മാൻ കഴിഞ്ഞിരുന്നുവെങ്കിൽ, അതു് ഉപരിഭാഗത്തിന്നു പലവിധത്തിലുള്ള പരിണാമങ്ങൾ വന്നുകൊണ്ടിരിക്കുന്ന ഒരു ഗോളത്തിൻെറ ആകൃതിയിലായിരിക്കും പ്രത്യക്ഷപ്പെടുകയെന്നു് ഞാൻ വിചാരിക്കുന്നു. ഉള്ളിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന പ്രകാശം അതിന്റെ ക്രമത്തിൽ ഒന്നിനുമേൽ മറെറാന്നായി മൂടിക്കൊണ്ടിരിക്കുന്ന അനേകം അടരുകൾ, ചിലപ്പോൾ കൊടുങ്കാററും, ചിലപ്പോൾ പേമാരിയും, മററ ചിലപ്പോൾ പ്രസന്നതയും ഉള്ള അന്തരിക്ഷം. ഇങ്ങിനെയൊക്കെയായിരിക്കും ആ ഗോളത്തിൻെറ സ്വഭാവം. നിങ്ങൾ വിശ്വസാഹിത്യത്തിൽ, അങ്ങിനെയുള്ള ഒരു ഗോളത്തെയാണു് അന്വേഷിക്കേണ്ടതു്.

പലതരക്കാരായ മനുഷ്യരുടെ ഗൃഹങ്ങൾക്കരികിൽ കൂടി ഉലാത്തിക്കൊണ്ടിരിക്കുമ്പോൾ, നിങ്ങൾ പലതരക്കാരേയും കണ്ടിരിക്കും. അരിച്ചാക്കു് പേറിക്കൊണ്ടുപോകുന്ന കൂലിക്കാരൻ, കൈവണ്ടി വലിച്ചുകൊണ്ടു പോകുന്നവൻ, ആലയിൽ പ്രവൃത്തിയെടുക്കുന്ന കൊല്ലൻ ഇവരെയെല്ലാവരേയും നിങ്ങൾ കാണുന്നുണ്ടാവും. എന്നാൽ ഒന്നു നിങ്ങൾ കണ്ടിട്ടില്ല. അവരുടെയെല്ലാം സ്വകാര്യജീവിതത്തിൽ വികാരങ്ങളുടെ അപ്രഹിതമായ ഒരു നീരോട്ടം ഉള്ളതായി നിങ്ങൾ കണ്ടിട്ടില്ല.

രാമായണത്തിലും മഹാഭാരതത്തിലും, മററനേകം പുരാതനകാവ്യങ്ങളിലും, മനുഷ്യത്വത്തിൻെറ ഹൃദയമാകുന്ന കിണററിൽനിന്നു മുക്കിയെടുത്ത അമൃതു് എല്ലാവൎക്കും ലഭിക്കത്തക്ക വിധത്തിൽ ഒരുക്കിവെച്ചിട്ടുണ്ടു്. ഏററവും താണനിലയിലുള്ള നമ്മുടെ നാട്ടുകാരൻെറ ഒന്നിച്ചു തന്നെ നില്ക്കുന്നു, ആ മനുഷ്യരത്നങ്ങൾ—രാമനും ലക്ഷ്മണനും. ആ ചെററക്കുടിലുകളിൽക്കൂടി, അവരുടെ ആശ്രമങ്ങളിൽനിന്നുള്ള ഉദ്വേഗജനകമായ കുളൎകാററു് അടിച്ചുവരുന്നു. അവൻെറ വൎഷക്കാലത്തെ, കാളിദാസൻെറ മേഘദൂതു്, കൂടുതൽ മനോഹരങ്ങളാക്കിയിരിക്കുന്നു. പുരാണങ്ങളിലും നാടകങ്ങളിലും കാണുന്ന രാജവംശിയരുടെ സുഖദുഃഖങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ, അവൻെറ സ്വന്തം സുഖദുഃഖങ്ങളെ ബൃഹത്തരമാക്കി കാണിച്ചുകൊടുക്കുന്നു.

മനുഷ്യത്വത്തെ ആവരണം ചെയ്യുന്ന സൌന്ദൎയ്യത്തിൻെറ യാഥാൎത്ഥ്യം വിശ്വസാഹിത്യത്തിൽ നിഴലിച്ചുകാണ്മാൻ നിങ്ങൾക്കു് കഴിവുണ്ടാവട്ടെ. മനുഷ്യൻെറ കായികജീവിതം അതിന്നു ചുററുമുള്ള ആത്മീയ ജീവിതത്തിൻെറ അന്തരീക്ഷത്തിലേയ്ക്കു് വ്യാപിക്കുന്നതു കാണ്മാൻ നിങ്ങൾക്കു കഴിയണം. യഥാൎത്ഥ്യത്തിൻെറ ആ ചെറിയ ലോകത്തിന്നു പുറമെ, സാഹിത്യം നിൎമ്മിച്ചിട്ടുള്ള ആ വിസ്തൃതലോകത്തെ നിങ്ങൾ കാണണം.

കേരളപത്രിക.

---

# എന്താണ് കവിത?

## ആരാണ് യഥാൎത്ഥ വിമൎശകൻ?

—കെ. എസ്സ്.

പ്രസിദ്ധസാഹിത്യവിമൎശകനായ പ്രൊഫസ്സർ ഗറോഡിൻെറ **The Study of Poetry** എന്ന ഗ്രന്ഥത്തെ വിമൎശിച്ചുകൊണ്ട് "കെ. എസ്സ്." "ഹിൻഡു"വിൽ ഇപ്രകാരം എഴുതുന്നു:

"ഉത്തമവിമൎശകന്മാർ കവികളല്ല; കവിമനഃസ്ഥിതിയുള്ളവരാണ്."

"പരമസത്യത്തെക്കുറിച്ച് അധികം ആലോചിക്കാതിരിക്കുകയും, മനസാ സാമാന്യജനങ്ങളിൽനിന്ന് അല്പം അകന്നുനിൽക്കുകയും ചെയ്യുന്ന ചിലരാണ് യഥാൎത്ഥവിമർശകന്മാരായി കണ്ടുവരുന്നത്.

"ഉത്തമവിമർശകന്മാർ ഒരുതരം സാഹിത്യത്തിൽനിന്നു മറെറാരുതര സാഹിത്യം സൃഷ്ടിക്കുന്നു. അവരിൽനിന്നു നാം പ്രതീക്ഷിക്കുന്നതും സൗന്ദൎയ്യമീമാംസയോ, സീനായി പൎവ്വതത്തിൽനിന്നുള്ള നിയമശാസനങ്ങളോ, അല്ല; ഉൽകൃഷ്ടവും, അത്യന്തം ആസ്വാദ്യവും ആയ ലേഖനം മാത്രം."

ഒരുത്തമവിമൎശകനു കവിതയോടു ദൃഢമായ പ്രണയവും അതിൻെറ കാൎയ്യത്തിൽ പ്രത്യേകനിഷ്കൎഷയുമുണ്ടായിരിക്കണം. അദ്ദേഹത്തിന്നു "ഏതാണ്ടൊരു സ്വഭാവഗുണവും ആദ്ധ്യാത്മികതയും" ഉണ്ടായിരിക്കേണ്ടതാണ്.

അദ്ദേഹം കവികളേയും, കവിതകളേയും പരിചയമുള്ള ഒരാളായിരിക്കണം. ഇങ്ങനെ നോക്കുന്നപക്ഷം, സൗന്ദൎയ്യമീമാംസകനോ, നിരൂപകനോ, ചരിത്രകാരനോ അല്ലാത്ത വിമൎശകൻ കേവലം ഒരു ലളിതകലാകാരനല്ല. "കവിതയുമായി പരിചയമുള്ള ഒരു നല്ല മനുഷ്യനാണ് മാതൃകാവിമൎശക"നെന്നു പറയുമ്പോൾ, സാന്മാൎഗ്ഗികാദൎശങ്ങൾക്ക് ആവശ്യത്തിലധികം പ്രാധാന്യം നൽകുന്നതായി തോന്നിയേക്കാം. എന്നാലും വാസ്തവം അതാണ്." മഹാകാവ്യങ്ങളുടെ വിമൎശകൻ, ലോകപരിചയം കൊണ്ടായാലും, ആത്മീയദൎശനം കൊണ്ടായാലും, ഒരു ജീവിതവിമൎശകൻ കൂടിയായിരിക്കണമെന്നു പ്രൊഫസ്സർ ഗാറോഡ് നിഷ്കൎഷിക്കുന്നുണ്ട്.......

അദ്ദേഹം കാവ്യത്തെ, 'മഹാകാവ്യത്തെ'പ്പോലും, അതുള്ളാ

ദജനകമായ, അതിൽനിന്നു് ഒരു പടികടന്നു കേവലം സാമുദായികമായ, ഒരു കാര്യമായിട്ടാണു ഗണിക്കുന്നതു്. "കവിതയിലെ മഹത്തത്ത്വങ്ങൾ അന്യരുമായിടചേൎന്നു് അനുഭവിക്കുകയെന്നതു് ഏററവും വാസ്തവമായ ഒരാനന്ദമാണു്....കവിത വാസ്തവത്തിൽ ഉറച്ച ഒരു ശീലമായും, ലോകത്തെ വീക്ഷിക്കുന്നതിലുള്ള ഒരു ശാശ്വതമനോഭാവമായും തീരണം. പരിപൂൎണ്ണനായ മനുഷ്യനിൽ കവിത ഒരു വ്യത്യസ്തസ്ഥിതിയായിരിക്കയില്ല; നേരേമറിച്ചു് അരോഗമായ ഒരു ഭാവനാനിലയായിരിക്കും.

---

# :: ഗ്രന്ഥവിഹാരം. ::

## ൧. 'ഭാഷാരൂപപരിണാമം.'

[The Evolution of Malayalam Morphology
by L. V. Rama Swami Iyer M. A. B. L.]

കേരളഭാഷയുടെ രൂപസിദ്ധിക്രമത്തേയും രൂപപരിണാമസമ്പ്രദായത്തേയും അധികരിച്ചു് 'ഭാഷാവിജ്ഞാനീയ വിദഗ്ദ്ധനും' ഞങ്ങളുടെ ഒരു ബഹുമാന്യമിത്രവും ആയ ഗ്രന്ഥകാരൻ പ്രകാശിപ്പിച്ചിട്ടുള്ള ചില ഗവേഷണഫലങ്ങളാണു പ്രസ്തുത പുസ്തകത്തിലെ പ്രതിപാദ്യം. ദ്രാവിഡഭാഷാഗോത്രത്തിൽ തെലുങ്കിനും കൎണ്ണാടകത്തിനും ഉള്ളതുപോലെ സ്വതന്ത്രമായ ഒരു സ്ഥാനം മലയാളത്തിനില്ലെന്നും അതു തമിഴിന്റെ ഒരു ചില്ലയാണെന്നും അത്രേ അഭ്യൂഹസംഗ്രഹം. തമിഴിന്റെ പുത്രിയാണു മലയാളം എന്ന സിദ്ധാന്തത്തിന്റെ താണ മുഖം ഗ്രന്ഥകാരൻ പേനകൊണ്ടു് കനയത്താൻ നോക്കുകയാണു ചെയ്തിരിക്കുന്നതു്.

എന്നാൽ തമിഴിന്റെ വ്യാകരണനിയമം രൂപവൽക്കരിക്കപ്പെടുന്നതിനുമുൻപുതന്നെ മലയാളം ദ്രാവിഡഗോത്രത്തിൽനിന്നു പിരിഞ്ഞുകഴിഞ്ഞിരിക്കുന്നു എന്നാണു കേരളപാണിനിയുടേയും മററും അഭിപ്രായം എന്ന വസ്തുത വിസ്മരിക്കാവുന്നതല്ല. പ്രാചീന ദ്രാവി

---

* The Rama Varma Reasearch Institute, Cochin State.

ഡവൈയാകരണന്മാർതന്നെ കരിനാട്ട് (കർണ്ണാടകം) മലനാട്ട് (കേരളം) ഇത്യാദി ദേശങ്ങളിലെ ഭാഷ അവരുടെ കാലത്തു ചെന്തമിഴിൽനിന്നു വിഭിന്നമാണെന്നു സൂചിപ്പിച്ചിട്ടുള്ളതും നിസ്സാരമായി ഗണിച്ചു നിരസിക്കാവുന്നതാണോ? മലയാളത്തിലേയും തെലുങ്കിലേയും താലവ്യാകാരാന്തങ്ങളായ 'തല' 'ഉറ' 'കായ' ഇത്യാദി ശബ്ദങ്ങൾ തമിഴിലെ 'ഐ'കാരാന്തശബ്ദങ്ങളുടെ വികാരമായി പരിഗണിക്കുന്നതു സാഹസമാണെന്നു ഞങ്ങൾക്കു തോന്നുന്നു. മലയാളികളുടെ ഉച്ചാരണത്തിൽനിന്നു മാത്രം 'ഐ' എന്ന പദാന്ത്യസ്വരം ഒന്നിച്ച് അന്തർദ്ധാനം ചെയ്യുതെന്തുകൊണ്ട്? എന്നു മുതല്ക്ക്? ഈ വിനീതസംശയങ്ങൾക്കു മറുപടി ലഭിക്കേണ്ടതുണ്ട്. ദ്രാവിഡ ഗോത്രത്തിൽപ്പെട്ടതല്ലെന്നുപോലും ഭ്രമം ജനിക്കത്തക്ക വണ്ണം അത്ര കാലേ പിരിഞ്ഞു വ്യത്യസ്തമായി നില്ക്കുന്ന തെലുങ്കിലെ താലവ്യാകാരം 'ഐ'കാരത്തിന്റെ അപഭ്രഷ്ടരൂപമായിരുന്നുകൂടേ എന്നു ശങ്കിക്കുന്നതു തമിഴിനോടുള്ള ആദരാതിരേകത്താലായിരിക്കാനേ ഇടയുള്ളു.

മദ്ധ്യമപുരുഷബഹുവചനക്രിയകളിൽ കാണുന്ന 'ഇൻ' എന്ന പ്രത്യയം തമിഴിൽ അപൂർവ്വം ചില പദ്യകൃതികളിലെ ഉള്ളുവെന്നും വൈയാകരണന്മാർ താദൃശ പ്രയോഗങ്ങളുടെ ദൌർല്ലഭ്യത്താൽ 'മിൻ' എന്നു മാത്രമേ എടുത്തു കാണിച്ചിട്ടുള്ളുവെന്നും കേരളപാണിനി പ്രസ്താവിച്ചിട്ടുണ്ട്. തമിഴിന്റെ ചില്ലയാണെങ്കിൽ മലയാളത്തിൽ മാത്രം 'ഇൻ' 'ആൻ' ഈ പ്രത്യയങ്ങൾക്കു എന്തുകൊണ്ടു സാർവ്വത്രികപ്രചാരം സിദ്ധിച്ചു എന്നു വ്യക്തമാക്കേണ്ടിയിരിക്കുന്നു.

'കയ്, കയ്യ്' ഈ പദങ്ങൾ കർണ്ണാടകത്തിലും മലയാളത്തിലും പണ്ടേ ഉള്ളതാണു്. തെലുങ്കിൽ 'കയി' എന്നാകുന്നു. തമിഴിന്റെ 'കൈ' അടുത്ത കാലത്തു മലയാളത്തിലേക്കു നീട്ടിട്ടുണ്ടെന്നുമാത്രം. ഇതിൽനിന്നും ഊഹിക്കേണ്ടതു ചെന്തമിഴ് വ്യാകരണം ഉറക്കും മുൻപുതന്നെ ഈ ഭാഷകൾ പിരിഞ്ഞുകഴിഞ്ഞുവെന്നാണു്. കയ്യ്, കയിൽ, കയ്ക്കോൽ, (കഴ്ക്കോൽ. കഴുക്കോൽ) മുതലായ ഭാഷാശബ്ദങ്ങൾ ഉള്ളപ്പോൾ 'കൈ'എന്നാണു ശുദ്ധമലയാളം എന്നു വാദിക്കുന്നതു് നിരർത്ഥമായിരിക്കും.

'ന', 'ഞ', ഈ വർണ്ണങ്ങളുടെ ഉച്ചാരണത്തിനു ഭാഷയിൽ കാണുന്ന അലിഖിത വ്യവസ്ഥയും നിസ്സാരമല്ല. തമിഴിലെ വ്യാകരണഗ്രന്ഥത്തിൽ പ്രത്യേകം ലിപിതന്നെ കൊടുത്തിട്ടുണ്ടെങ്കിലും ഉച്ചാരണ

ത്തിൽ ആ ഭേദം ഏതുകാലത്തെങ്കിലും ജീവിച്ചിരുന്നുവോ? മൂലദ്രാവിഡത്തിന്റെ ആ രണ്ടുച്ചാരണവും മലയാളത്തിൽ ജീവിക്കാനും തമിഴിൽ മരിക്കാനും കാരണമെന്തായിരിക്കും. തമിഴും മലയാളവും മൂലദ്രാവിഡത്തിന്റെ വിഭിന്ന ശാഖകളാകയാൽ തന്നെയാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

ഈ ചെറിയ നിരൂപണത്തിൽ ഓരോ വിശേഷവും പ്രത്യേകം പ്രത്യേകം എടുത്തു പ്രതിപാദിക്കുക സാദ്ധ്യമല്ല. വിഭക്തിപ്രത്യയങ്ങളിൽ തമിഴിനോടു മാത്രമല്ല മലയാളത്തിന്നു ബന്ധമുള്ളതെന്നു ഈ സന്ദർഭത്തിൽ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. 'ക്' എന്ന ഉദ്ദേശികാപ്രത്യയം കർണ്ണാടകാദി ഭാഷകളിലും ഉണ്ടു്. 'പൂർവ്വത്തില്' 'മീത്തല്' എന്നു മലയാളം; 'പൂർവദല്ലി' എന്നു കർണ്ണാടകം. സംവൃതം മലയാളത്തിൽ കഴിയുന്നത്ര അസ്പഷ്ടമാക്കുകയും കർണ്ണാടകാദികളിൽ അന്ത്യസ്വരവും ദ്വിത്വവുംകൊണ്ടു് ഉറപ്പിക്കയുമാണു ചെയ്യുന്നതു്. അതിനാലും ഉച്ചാരണഭേദത്താലും പദാന്തപ്രത്യയത്തിന്നു മാറ്റം കാണുന്നുണ്ടെങ്കിലും ഗണ്യമായ സാമ്യം ഇല്ലാതില്ല. കേരളഭാഷയിൽ കാണുന്ന പ്രത്യയങ്ങൾ തമിഴിൽനിന്നു മാതൃസ്വത്തായി ലഭിച്ചതാണെന്നല്ല രണ്ടിനും തുല്യമായി മൂലദ്രാവിഡത്തിൽനിന്നു സിദ്ധിച്ചതാണെന്നത്രേ ഞങ്ങളുടെ അഭ്യൂഹം. 'അവനു്' ഇത്യാദി ശബ്ദങ്ങൾ 'അവനുക്കു്' മുതലായവയുടെ പരിണാമങ്ങളാണെന്ന വാദവും ആദരണീയമല്ല. 'ക്' എന്ന പ്രത്യയത്തിലെ വ്യഞ്ജനം ഭാഷയിൽ നകാരത്തിനു ശേഷം ലോപിക്കുകയാണു ചെയ്യുന്നതെന്ന കേരളപാണിനീയമതംതന്നെ ബലവത്തരമായിത്തോന്നുന്നു.

'ഇൽ നിന്നു്' എന്നു തമിഴിനു തുല്യമാകാൻ പ്രത്യയം കല്പിച്ചിരിക്കുന്നതും അസംഗതമായിട്ടാണിരിക്കുന്നതു്. 'എവിടെനിന്നു്' 'അവകൽനിന്നു്' 'സ്ഥലത്തുനിന്നു്' ഇത്യാദി രൂപങ്ങളെ ആസ്പദമാക്കി 'എനിന്നു്', 'കൽനിന്നു്', 'ഉനിന്നു്' എന്നുകൂടി പ്രത്യയരൂപം സൃഷ്ടിക്കാഞ്ഞതു് എന്തുകൊണ്ടാണെന്നു് അറിയുന്നില്ല. സപ്തമ്യർത്ഥ്യം ഗതിസാഹായ്യത്താൽ പരിഷ്കരിച്ചു് പഞ്ചമ്യർത്ഥ്യം സമ്പാദിച്ചുതുടങ്ങിയതിനാൽ 'ഇൻ' എന്ന പ്രത്യയം ലുപ്തപ്രചാരമായതാണെന്നു വരാനാണു യുക്തി. എവിടന്നു്, അവിടന്നു്, എങ്ങന്നു് ഇങ്ങനെയുള്ള രൂപങ്ങളിൽ പഞ്ചമിപ്രത്യയം വേഷം മാറി നിൽക്കുന്നുണ്ടെന്നു ഞങ്ങൾക്കു തോന്നുന്നു.

'വെള്ളത്തിലേയ്ക്കു' ഇത്യാദി പ്രയോഗങ്ങൾ ഉണ്ണുനീലിസന്ദേശത്തിലും മററും കാണുന്നില്ലെന്നു ഗ്രന്ഥകാരൻ പ്രസ്താവിച്ചിട്ടുണ്ടു്.

"നാരിമൗലേ മമ മലർമകൾക്കങ്ങിരിപ്പാൻ തിരുപ്പാ-
പ്പൂരെൻറില്ലം വെൾളമില്ലമാൻകണ്ണി വേണാട്ടിലേയ്ക്കു"

എന്ന പദ്യംതന്നെ ഈ പ്രസ്താവനയുടെ വാസ്തവികതയെക്കുറിച്ചു സംശയം ചോദിക്കുന്നതാണു്. കൊല്ലവഷം ഒന്നരശ-ാമാണ്ടു പകൎത്തെഴുതിയിട്ടുള്ളതും അതിനു വളരെ മുൻപുതന്നെ ഉണ്ടായിട്ടുള്ളതും ആയ 'ദൂതവാക്യം' ഗദ്യംതന്നെ 'രാജാക്കന്മാർ' 'ഞങ്ങൾ' 'എടോ' മുതലായവയുടെ രൂപസിദ്ധിക്രമത്തേയും പഴക്കത്തേയും കുറിച്ചു് ഗ്രന്ഥകാരൻ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളുടെ ദൌർബല്യം വിശദമാക്കും.

രാമചരിതം പ്രാചീന മലയാളമാതൃകയാണെന്നും കണ്ണശ്ശരാമായണം മദ്ധ്യമലയാളമാതൃകയാണെന്നും മററും വിശ്വസിക്കുന്നവരുടെ കൂട്ടത്തിൽപ്പെട്ടവരല്ല ഞങ്ങൾ. തമിഴിൽ എഴുതിയിട്ടുള്ള അഥവാ തമിഴു നിറഞ്ഞിട്ടുള്ള പണ്ടത്തെ ശിലാലേഖനം നോക്കി അന്നത്തെ ഭാഷാരൂപം നിശ്ചയിക്കുന്നതും ഇന്നത്തെ ഇംഗ്ലീഷുപദം നിറഞ്ഞിട്ടുള്ള അഥവാ ഇംഗ്ലീഷിൽ എഴുതിയിട്ടുള്ള ഗസററും മററും നോക്കി ആധുനിക ഭാഷാരൂപം ഊഹിക്കുന്നതും തമ്മിൽ വലിയ അന്തരമില്ല.

ബഹുമാനത്തിനും സ്നേഹത്തിനും പാത്രമായ ഗ്രന്ഥകാരൻെറ ഗവേഷണൌൽസുക്യത്തെക്കുറിച്ചു ഞങ്ങൾക്കു പ്രശംസിക്കുവാനേയുള്ളു. ഈ ഗ്രന്ഥത്തിലെ അഭ്യൂഹങ്ങളേപ്പററി മറെറാരു സന്ദൎഭത്തിൽ സവിസ്തരം പ്രതിപാദിക്കണമെന്നാണാഗ്രഹം.

—ജി.